No/303/2021/SRG/LSGD(CC)(5)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 – ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സംസ്ഥാന ആസൂത്രണ ബോർഡ് കാര്യാലയത്തിലെ 'സമൃദ്ധി' ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശ സ്വയം ഭരണ–എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു (ഓൺ ലൈനായി) സമൃദ്ധി ഹാളിൽ യോഗത്തിൽ ഹാജരായവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2021-22-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

11.01.2022 വരെയുള്ള ആകെ പദ്ധതി ചെലവ് 37.10 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 38.86ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് ആലപ്പുഴ ജില്ലയിലും (41.00 ശതമാനം) ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ് (34.08ശതമാനം). 115.49 കോടി രൂപയുടെ 6324 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 143.00 കോടി രൂപയുടെ 7894 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| ക്രമ നമ്പർ | തദ്ദേശഭരണ സ്ഥാപനം | ജനറൽ | SCP | TSP | CFC | Total |
|---|---|---|---|---|---|---|
| 1 | **ഗ്രാമ പഞ്ചായത്ത്** | 54.06 | 46.91 | 44.52 | 14.00 | 42.40 |
| 2 | **ബ്ലോക്ക് പഞ്ചായത്ത്** | 48.97 | 43.23 | 38.48 | 14.36 | 39.29 |
| 3 | **ജില്ലാ പഞ്ചായത്ത്** | 33.55 | 27.76 | 25.16 | 10.47 | 26.54 |
| 4 | **മുനിസിപ്പാലിറ്റി** | 51.54 | 25.87 | 15.99 | 9.65 | 31.85 |
| 5 | **കോർപ്പറേഷൻ** | 43.20 | 19.82 | 10.66 | 7.68 | 27.70 |
| 6 | **ആകെ** | 49.72 | 39.19 | 37.46 | 12.00 | 37.10 |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)**

| | | |
|---|---|---|
| 1 | ആലപ്പുഴ | 41.00 |
| 2 | തൃശ്ശൂർ | 40.79 |
| 3 | കൊല്ലം | 39.98 |
| 4 | കോട്ടയം | 38.02 |
| 5 | പാലക്കാട് | 37.77 |
| 6 | പത്തനംതിട്ട | 36.70 |
| 7 | വയനാട് | 36.46 |

| | | |
|---|---|---|
| 8 | കോഴിക്കോട് | 35.98 |
| 9 | എറണാകുളം | 35.97 |
| 10 | കണ്ണൂർ | 35.54 |
| 11 | തിരുവനന്തപുരം | 35.53 |
| 12 | കാസറഗോഡ് | 35.34 |
| 13 | മലപ്പുറം | 35.18 |
| 14 | ഇടുക്കി | 34.08 |

**തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും**

| തദ്ദേശഭരണ സ്ഥാപനം | ബില്ലുകളുടെ എണ്ണം | തുക(കോടി) |
|---|---|---|
| 1) ഗ്രാമപഞ്ചായത്ത് | 5546 | 79.76 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 1075 | 16.99 |
| 3) ജില്ലാ പഞ്ചായത്ത് | 468 | 19.00 |
| 4) മുനിസിപ്പാലിറ്റി | 623 | 17.41 |
| 5) കോർപ്പറേഷൻ | 182 | 9.84 |
| **ആകെ** | **7894** | **143.00** |

**പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു. (As on 11.01.2022)**

| തദ്ദേശഭരണ സ്ഥാപനം | പദ്ധതി ചെലവ് (ശതമാനം) | | |
|---|---|---|---|
| | പുതിയ പ്രോജക്ടുകൾ | സ്പിൽ ഓവർ പ്രോജക്ടുകൾ | ആകെ |
| 1) ഗ്രാമപഞ്ചായത്ത് | 36.09 | 6.31 | 42.40 |
| 2) ബ്ലോക്ക് പഞ്ചായത്ത് | 33.13 | 6.16 | 39.29 |
| 3) ജില്ലാ പഞ്ചായത്ത് | 20.51 | 6.03 | 26.54 |
| 4) മുനിസിപ്പാലിറ്റി | 24.73 | 7.12 | 31.85 |
| 5) കോർപ്പറേഷൻ | 17.95 | 9.75 | 27.70 |
| **ആകെ** | **30.39** | **6.71** | **37.10** |

**മുൻ വർഷങ്ങളിൽ ജനുവരി 31 ലെ പദ്ധതി ചെലവ് (ശതമാനം)**

| | |
|---|---|
| **2014-15** | 32.00 |
| **2015-16** | 31.03 |
| **2016-17** | 19.28 |
| **2017-18** | 37.05 |
| **2018-19** | 60.85 |
| **2019-20** | 42.12 |
| **2020-21** | 55.02 |
| **2021-22** | **37.10 (11.01.2022)** |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1) 12.08.2021 -ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

#### 2.1.(1) ഖണ്ഡിക 3.9

സ്ഥലം ലഭ്യമല്ലാത്തതിനാൽ തോട്ടം മേഖലയിലെ കുടുംബങ്ങളെ ഭവന നിർമ്മാണത്തിന് സഹായിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. നിലവിൽ ഇവരുടെ പാർപ്പിട സൗകര്യം വളരെ മോശമാണ്.

തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് സ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടുള്ള 37 ഗ്രാമപഞ്ചായത്തുകളാണ് ഉള്ളതെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഭവന നിർമ്മാണത്തിന് ഭൂമി കണ്ടെത്താൻ കഴിയാത്ത കുടുംബങ്ങളുടെ എണ്ണവും ഡയറക്ടർ നൽകിയിട്ടുണ്ട്.

**തോട്ടം മേഖലയിലെ ഭവന നിർമ്മാണം സംബന്ധിച്ച വിവരം**

| ജില്ല | ഗ്രാമപഞ്ചായത്തിന്റെ പേര് | തോട്ടം മേഖലയിലെ ഭവന രഹിത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | പെരിങ്ങമല | 48 |
| | വിതുര | 151 |
| കൊല്ലം | കുളത്തൂപ്പുഴ | 112 |
| | ഏരൂർ | 328 |
| | ആര്യൻകാവ് | 203 |
| പത്തനംതിട്ട | കൊടുമൺ | 2 |
| | സീതത്തോട് | 148 |
| | മലയാലപ്പുഴ | 168 |
| | അരുവാപ്പുലം | 32 |
| ഇടുക്കി | പള്ളിവാസൽ | 320 |
| | മൂന്നാർ | 4465 |
| | ദേവികുളം | 6551 |
| | ശാന്തൻ പാറ | 130 |
| | ചിന്നക്കനാൽ | 1801 |
| | ഉടുമ്പൻചോല | 114 |
| | പീരുമേട് | 925 |
| | ഏലപ്പാറ | 850 |
| | കുമളി | 130 |
| | വണ്ടിപ്പെരിയാർ | 553 |
| | വണ്ടൻമേട് | 73 |
| | ഉപ്പുതറ | 350 |
| | ചക്കുപള്ളം | 46 |

| | | |
|---|---|---|
| എറണാകുളം | അയ്യമ്പുഴ | 68 |
| തൃശ്ശൂർ | ആതിരപ്പള്ളി | 678 |
| | മറ്റത്തൂർ | 21 |
| | വരന്തരപ്പിള്ളി | 221 |
| വയനാട് | വൈത്തിരി | 302 |
| | മേപ്പാടി | 481 |
| | മൂപ്പൈനാട് | 385 |
| | നെന്മേനി | 10 |
| | മുട്ടിൽ | 21 |
| | പൊഴുതന | 649 |
| | തിരുനെല്ലി | 3 |
| | തവിഞ്ഞാൽ | 66 |
| | തൊണ്ടർ നാട് | 15 |
| കാസറഗോഡ് | മുളിയർ | 2 |
| | പനത്തടി | 15 |
| ആകെ | | 19080 |

ഏറ്റവും അധികം ഗുണഭോക്താക്കൾ ഉള്ളത് മൂന്നാർ, ദേവികുളം ഗ്രാമപഞ്ചായ ത്തുകളിലാണ് എന്നു 14.07.2021 ലെ യോഗം വിലയിരുത്തിയ പ്രകാരം ഈ പഞ്ചായത്തുകളുടെ പ്രശ്നം മുൻഗണന നൽകി പരിഹരിക്കണം എന്നു തീരുമാനിച്ചു. എസ്റ്റേറ്റ് പ്രദേശമാണ് ഇവിടെയെങ്കിലും തോട്ടം വക അല്ലാത്ത സ്ഥലം ഇവിടെ ലഭ്യമാക്കാൻ കഴിയും. പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ച ഈ ലിസ്റ്റ് റവന്യൂ വകുപ്പ് സെക്രട്ടറിക്ക് കൂടി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു നൽകണം. സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് പരിശോധിക്കണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചു.

ഈ വിഷയം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനും തുടർന്ന് ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കാനും തീരുമാനിച്ചു. ഇതു സംബന്ധിച്ച് സെക്രട്ടറി തലത്തിൽ ഒരു യോഗം കൂടിയിട്ടുണ്ട്. വിശദാംശങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടി ത്വരിതപ്പെടുത്താൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.2. 14.09.2021 -ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ.

### 2.2.(1) ഖണ്ഡിക 3.2

ഐ.കെ.എം സുലേഖ, സാംഖ്യ സോഫ്റ്റ് വെയറിലൂടെ ഓരോ പ്രോജക്റ്റിന്റെയും സാമ്പത്തികനേട്ടം കൃത്യമായി അറിയാൻ കഴിയും. സാംഖ്യയിലൂടെ ട്രഷറിയിൽ നിന്നു ബില്ല് മാറുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാലാണ് ഈ കൃത്യത ഉള്ളത്. എന്നാൽ ഭൗതിക നേട്ടം ഇതേ രീതിയിൽ അറിയാൻ കഴിയുന്നില്ല. ഭൗതികനേട്ടം രേഖപ്പെടുത്താൻ ഐ.കെ.എം ക്രമീകരണം ചെയ്തിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥർ ഇതു കൃത്യമായി ചെയ്യാറില്ല.

ഇതടക്കമുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ഐ.കെ.എം സോഫ്റ്റ് വെയറിലൂടെ ഭൗതികനേട്ടത്തിന്റെ കണക്ക് കൃത്യമായി എടുക്കാൻ കഴിയുംവിധം ആവശ്യമായ ക്രമീകരണം ചെയ്യുന്നതിന് തീരുമാനിച്ചു. ഇതു സാധ്യമാക്കുന്നതിന് വിഷയങ്ങൾ വിശദമായി പഠിച്ച് റിപ്പോർട്ട് നൽകാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ (വികേന്ദ്രീകൃതാസൂത്രണം), പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ഓഡിറ്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ, ഡയറക്ടർ ജനറൽ, സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ്, ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. ഇതിന്റെ ചെയർമാനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പറെ (വികേന്ദ്രീകൃതാസൂത്രണം) 02.12.2021 ലെ യോഗത്തിൽ നിശ്ചയിച്ചു. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് ഒരു യോഗം 5.10.2021

ൽ ആസൂത്രണ ബോർഡ് മെമ്പർ ഓൺലൈനായി വിളിച്ചു. സ്വീകരിക്കേണ്ട നടപടികൾ വിശദമായി ചർച്ച ചെയ്തു. ചർച്ചയുടെയും യോഗത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഐ.കെ.എം. ഡയറക്ടർ സ്വീകരിച്ച നടപടി.

ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരികയാണെന്നും വിശദ വിവരങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകാമെന്നും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടിയും ഇതുവരെ സ്വീകരിച്ച നടപടികളും അടുത്ത കോഓഡിനേഷൻ കമ്മിറ്റിക്കു മുൻപ് നൽകണമെന്ന് യോഗം നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**
**2) ഡയറക്ടർ, ഐ.കെ.എം**

## 2.2.(2) ഖണ്ഡിക 3.7

തദ്ദേശഭരണസ്ഥാപനങ്ങൾ KSEB, KWA, GWD നിർമ്മിതികേന്ദ്ര പോലുള്ള സ്ഥാപനങ്ങൾ വഴി വിവിധ പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഈ ഏജൻസികൾക്ക് തുക മുൻകൂറായി ഡിപ്പോസിറ്റ് ചെയ്താണ് പ്രവർത്തി നടപ്പാക്കുന്നത്. എന്നാൽ തുക ഡിപ്പോസിറ്റ് ചെയ്തു കഴിഞ്ഞ് പലപ്പോഴും വർഷങ്ങൾ കഴിഞ്ഞാണ് പ്രവർത്തി പൂർത്തിയാക്കുന്നത്. ഇങ്ങനെ ഡിപ്പോസിറ്റ് ചെയ്ത തുക ഉപയോഗിക്കപ്പെടാതെ ഇത്തരം ഏജൻസികളിൽ കിടക്കുന്നത് നിയന്ത്രിക്കേണ്ടതുണ്ട്.

2017-18 മുതൽ പൂർത്തിയാക്കാത്ത ഡിപ്പോസിറ്റ് പ്രവർത്തികളുടെ വിശദാംശംങ്ങൾ തയ്യാറാക്കാൻ ജില്ലാ കളക്ടർ പ്രത്യേകമായി ഇടപെടണം. ജില്ലാതലത്തിൽ ജില്ലാ ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ KSEB, KWA, GWD, മറ്റ് സമാന ഏജൻസികൾ എന്നിവരുടെയും, തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെയും യോഗം വിളിച്ച് ചേർത്ത് കൃത്യമായ വിവരങ്ങൾ ശേഖരിക്കാൻ നിർദ്ദേശിച്ചിരുന്നു. ജില്ലാ കളക്ടർക്കുവേണ്ടി ഈ വിവരങ്ങൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് നൽകാൻ ജില്ലാ പ്ലാനിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തി. ജില്ലാ പ്ലാനിംഗ് ഓഫീസർമാർ നൽകിയ റിപ്പോർട്ട് ക്രോഡീകരിച്ച് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് നൽകി. വിശദാംശം താഴെ ചേർക്കുന്നു. KSEB, KWA, GWD എന്നീ സ്ഥാപനമേധാവികളുടെ കൂടി സാന്നിധ്യത്തിൽ ഇത് യോഗം അവലോകനം ചെയ്തു.

ജില്ലകളിൽ നിന്നു ലഭിച്ച പ്രകാരമുള്ള വിശദാംശം താഴെ പറയും പ്രകാരമാണ്.

## പൂർത്തിയാക്കാത്ത ഡിപ്പോസിറ്റ് വർക്കുകളുടെ വിവരം – സംക്ഷിപ്തം

| വകുപ്പിന്റെ പേര് | വർഷം | | | | | | | | | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 2016-17 വരെ | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | | |
| | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) |
| KSEB | 188 | 595.95 | 220 | 5216.59 | 207 | 1094.88 | 311 | 1080.77 | 399 | 2144.96 | 1325 | 10133.15 |
| KWA | 244 | 1778.98 | 239 | 2482.78 | 353 | 4131.74 | 352 | 2199.87 | 834 | 7075.21 | 2022 | 17668.59 |
| GWD | 56 | 395.91 | 71 | 323.18 | 118 | 466.38 | 112 | 520.46 | 280 | 1058.26 | 637 | 2764.20 |
| NIRMITHI KENDRA | 2 | 48.00 | 4 | 120.00 | 1 | 32.00 | 16 | 364.00 | 14 | 265.80 | 37 | 829.80 |
| Other Agencies | 22 | 141.59 | 29 | 1430.09 | 36 | 2396.59 | 52 | 1168.29 | 128 | 3049.89 | 267 | 8186.45 |
| **ആകെ** | 512 | 2960.43 | 563 | 9572.65 | 715 | 8121.59 | 843 | 5333.40 | 1655 | 13594.12 | 4288 | 39582.19 |

ജില്ലകളിൽ നിന്നും ലഭിച്ച വിവരങ്ങളും KWA, KSEB, GWD എന്നീ സ്ഥാപനങ്ങളുടെ മേധാവികൾ യോഗത്തിൽ അവതരിപ്പിച്ച വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് യോഗം വിലയിരുത്തി. കൃത്യമായ വിവരങ്ങൾ ശേഖരിക്കാൻ ഈ സ്ഥാപനങ്ങളുടെ മേധാവികളെ ചുമതലപ്പെടുത്തി. അതിനായി ആവശ്യമായ സഹായങ്ങൾ ചെയ്യാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തി. ഇതിന്റെ വിശദാംശം താഴെ പറയുന്ന രീതിയിൽ അതത് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വകുപ്പ മേധാവികൾ (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ) ഗൂഗിൾ ഷീറ്റിൽ ശേഖരിച്ച് അടുത്ത ഒരുമാസത്തിനകം KWA, KSEB, GWD മേധാവികൾക്കും കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യാനായി റിപ്പോർട്ട് ക്രോഡീകരിക്കാൻ എസ്.ആർ.ജിക്കും നൽകണം. വിവരങ്ങൾ താഴെ പറയുന്ന രീതിയിൽ ശേഖരിക്കണം. ശേഖരിക്കുന്ന വിവരങ്ങൾ വിശദമായി പരിശോധിച്ച് അന്തിമ വിവരങ്ങൾ KWA, KSEB, GWD മേധാവികൾ രണ്ടു മാസത്തിനകം നൽകണം.

## തുടങ്ങാത്തതും പൂർത്തിയാക്കാത്തതുമായ ഡിപ്പോസിറ്റ് വർക്കുകളുടെ വിവരം

| ജില്ല | ഏജൻസിയുടെ പേര് | മുൻ വർഷങ്ങളിലെ പ്രവർത്തികൾ | | വർഷം | | | | | | | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 2016-17 വരെ | | 2017-18 | | 2018-19 | | 2019-20 | | 2020-21 | | | |
| | | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) | എണ്ണം | തുക (ലക്ഷം) |
| | KSEB | | | | | | | | | | | | |
| | KWA | | | | | | | | | | | | |
| | GWD | | | | | | | | | | | | |
| | NIRMITHI KENDRA | | | | | | | | | | | | |
| | Other Agencies | | | | | | | | | | | | |
| | **ആകെ** | | | | | | | | | | | | |

**റിപ്പോർട്ട്**:- നഗരസഭകൾ സംബന്ധിച്ച വിവരങ്ങൾ ജനുവരി 15-നകം നൽകാമെന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചു. 8 ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർ നൽകി. ബ്ലോക്ക പഞ്ചായത്തുകൾ സംബന്ധിച്ച വിവരങ്ങൾ ഗ്രാമവികസന കമ്മീഷണർ നൽകി.

ശേഷിക്കുന്ന ആറു ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർ ഒരാഴ്ചയ്ക്കകം എസ്.ആർ.ജിക്കും KWA, KSEB, GWD മേധാവികൾക്കും നൽകണം. നഗരകാര്യ ഡയറക്ടർ ജനുവരി 15 നകം തന്നെ വിശദാംശങ്ങൾ നൽകാൻ നടപടി സ്വീകരിക്കണം. ലഭിച്ച റിപ്പോർട്ടുകൾ KWA, KSEB, GWD മേധാവികൾ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ മുകളിൽ പറഞ്ഞ പ്രകാരം ക്രോഡീകരിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം. ജില്ലാ ആസൂത്രണ സമിതികൾ ഈ വിവരം ബ്ലോക്ക് തലത്തിൽ ക്രോഡീകരിച്ച് പരിശോധിച്ച് തുടർനടപടി മോണിട്ടർ ചെയ്യണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3)നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**3) KSEB, KWA, GWD മേധാവികൾ**

**2.2.(4) ഖണ്ഡിക 4.50**

**വെച്ചൂർ ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.07.2021 ലെ കത്തും അനുബന്ധ രേഖകളും**

**(SRG 334/21 – CC/162/21))**

വെച്ചൂർ ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവർത്തികൾക്ക് ആവശ്യമുള്ള ഗ്രാവൽ മണ്ണ് ലഭ്യമാക്കുന്നത് വെട്ടയ്ക്കൽ (എറണാകുളം ജില്ല) നീണ്ടൂർ (കോട്ടയം ജില്ല) എന്നീ സ്ഥലങ്ങളിൽ നിന്നാണ്. ഇത് പഞ്ചായത്തിൽ എത്തുമ്പോൾ 950/**m3** ആണ് ചെലവ്. എന്നാൽ പ്രൈസ് സോഫ്റ്റ് വെയറിലെ അനുവദനീയ നിരക്ക് 428.15/ **m3** മാത്രമാണ്. കുട്ടനാട് പ്രദേശമായ കുമരകം, അയ്മനം, തിരുവാർപ്പ്, ആർപ്പൂക്കര എന്നീ പഞ്ചായത്തുകളിൽ ഗ്രാവൽ മണ്ണിന് പ്രത്യേക നിരക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. വെച്ചൂർ പഞ്ചായത്തിനു പ്രത്യേകം നിരക്ക് അനുവദിച്ചു നൽകണമെന്നതു സംബന്ധിച്ച്.

ഇതുപരിശോധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്** – ഒരു ക്യൂബിക് മീറ്റർ മണ്ണിന് 400/- രൂപയും യഥാർത്ഥ കൺവയൻസ് ചാർജ്ജും (പരമാവധി 25 കി.മി) അനുവദിക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചു. വെച്ചൂർ പഞ്ചായത്തിനൊപ്പം വൈക്കം ബ്ലോക്കിലെ തലയാഴം, റ്റി.വിപുരം, ഉദയനാപുരം, മറവൻ തുരുത്ത്, ചെമ്പ് എന്നീ ഗ്രാമപഞ്ചായത്തുകൾക്കും ഈ നിരക്ക് അനുവദിക്കണമെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ പറയുന്ന നിരക്കിന് അനുമതി നൽകുന്നു. വെച്ചൂർ പഞ്ചായത്തിനൊപ്പം മുകളിൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്കും ഈ നിരക്ക് നൽകാവുന്നതാണ്. ധനവകുപ്പിന്റെ കൂടി അനുമതി വേണമെന്ന് ധനവകുപ്പ് പ്രതിനിധി ആവശ്യപ്പെട്ടപ്രകാരം ഇതിന്റെ വിശദമായ റിപ്പോർട്ട് ധനവകുപ്പിന് നൽകിയിട്ടുണ്ട് എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു. ഇതു സംബന്ധിച്ചു തുടർ നടപടി തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറും ധനവകുപ്പും സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**3) ധനവകുപ്പ്**

**2.3 – 02.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 (1) ഖണ്ഡിക 3.2**

തദ്ദേശഭരണസ്ഥാപനങ്ങൾ KWA, KSEB, GWD തുടങ്ങിയ ഏജൻസികൾ മുഖേന പ്രോജക്ടുകൾ ഡിപ്പോസിറ്റ് വർക്കായി നടപ്പാക്കാറുണ്ട്. ഇത്തരം പ്രോജക്ടുകൾ

നടപ്പാക്കുന്നതിന് KWAയും KSEBയും കാലതാമസം വരുത്തുന്നുണ്ട്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നഷ്ടം വരുത്തും. അതിനാൽ ഇങ്ങനെയുള്ള ഡിപ്പോസിറ്റ് പ്രവർത്തികൾ പൂർത്തിയാക്കാൻ കാലതാമസം വരുകയാണെങ്കിൽ പലിശ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുകയോ പലിശ തുക കൂടി ഡിപ്പോസിറ്റ് തുകയുടെ കൂടെ ചേർക്കുകയോ ചെയ്യണം. ഈ ഏജൻസികൾ ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുകയ്ക്ക് കിട്ടുന്ന പലിശ എത്രയാണോ ആ തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടത്. ഇതിനായി KWA, KSEB തുടങ്ങിയ ഏജൻസികൾ പ്രത്യേകമായി കണക്ക് സൂക്ഷിക്കണം. ഇതിന്മേൽ സ്വീകരിച്ച നടപടി KWA MD, KSEB ചീഫ് എഞ്ചിനീയർ എന്നിവർ തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ഉടനെ നൽകണം. വകുപ്പ് തലത്തിൽ ഈ വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി**
**3) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിസിറ്റി ബോർഡ്**

## 2.3 (3) ഖണ്ഡിക 3.4

പല ബ്ലോക്ക് പഞ്ചായത്തുകളിലും ഐ.എ.വൈ പദ്ധതിക്കായി ലഭിച്ച വിഹിതം ചെലവഴിക്കാതെ ബാക്കിയുണ്ട്. കേന്ദ്ര വിഹിതം, ത്രിതല പഞ്ചായത്തുകളുടെ വിഹിതം എന്നിവയാണ് ഇങ്ങനെയുള്ളത്. ഇതിന്റെ പലിശയും കൂടി ചേർത്ത് പലയിടത്തും നല്ല ഒരു തുകയുണ്ട്. ഇത് ഓരോ ബ്ലോക്കിലും എത്രയുണ്ടെന്ന് കണക്കാക്കി അറിയിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി. കോ ഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ച പ്രകാരം IAY പദ്ധതി പ്രകാരം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമവികസന കമ്മീഷണർ നൽകി.

**റിപ്പോർട്ട്**:- IAY പദ്ധതിയിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക- 126.70 കോടി രൂപ

PMAY പദ്ധതി പ്രകാരം നിർമ്മിക്കേണ്ട വീടുകളുടെ എണ്ണം – 13307 എണ്ണം

**തീരുമാനം**: – ഈ തുക ബാങ്കിൽ നിന്നു പിൻവലിച്ച് ഈ വർഷം തന്നെ PMAY പദ്ധതി പ്രകാരമുള്ള വീടുകൾ/ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള വീടുകൾ എന്നിവയ്ക്കായി ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഈ രണ്ട് തരത്തിലുള്ള വീടുകളുടെ ടാർജറ്റ് പൂർത്തീകരിച്ചതിനു ശേഷമേ മറ്റു വീട്ടു നിർമ്മാണം / അറ്റകുറ്റപണിക്കായി ഉപയോഗിക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 2.3 (4) ഖണ്ഡിക 3.6

2013-14 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്ന ഗോത്രസാരഥി പദ്ധതിക്ക് 2020-21 മുതൽ തദ്ദേശഭരണസ്ഥാപനങ്ങൾക്കു കൂടി പ്രോജക്ട്

ഏറ്റെടുക്കാൻ അനുമതി നൽകിയിരുന്നു. ഇപ്പോൾ പട്ടികവർഗ്ഗ വകുപ്പ് ഇതിനായി തുക നൽകുന്നില്ല എന്ന് തിരുവനന്തപുരം ജില്ലാ ആസൂത്രണ സമിതി ചൂണ്ടി കാണിച്ചിട്ടുണ്ട്.

കൊവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ വികസന ഫണ്ട്, തനത് ഫണ്ട് ഇനത്തിൽ ഭീമമായ തുക ചെലവഴിച്ചിട്ടുള്ളതിനാൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മതിയായ തുക കണ്ടെത്താൻ ബുദ്ധിമുട്ട് വരുന്നു. ഇതു യോഗം ചർച്ച ചെയ്തു. പട്ടികവർഗ്ഗ വികസന വകുപ്പും ഇതിനായി കുറച്ച് വിഹിതം മാറ്റി വയ്ക്കാമെന്ന് പട്ടികവർഗ്ഗ ഡയറക്ടറുടെ പ്രതിനിധി യോഗത്തിൽ അറിയിച്ചു. ഇതനുസരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ ഡയറക്ടർ സ്വീകരിച്ച തുടർനടപടി.

**റിപ്പോർട്ട്** – പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമായ 2.54 കോടി രൂപ ഗോത്ര സാരഥി പദ്ധതിയ്ക്കായി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ടെന്ന് പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

**തീരുമാനം**: – ഈ തുകയും തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് ഗോത്ര സാരഥി പദ്ധതി നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മാർ ആവശ്യമായ സഹായം ചെയ്യണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പട്ടികവർഗ്ഗ വികസന ഡയറക്ടർ**

**2.3 (10) ഖണ്ഡിക 4.19**

**കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 13.09.2021 ലെ P3/DPK/2021—ാം നമ്പർ കത്ത് (SRG 572/21)**

തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുക, പ്രവർത്തികളുടെ മേൽനോട്ടം വഹിക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, ബിൽ തയ്യാറാക്കുക എന്നിവയ്ക്കായി PWD, **KSEB** എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ പാനൽ തയ്യാറാക്കണമെന്ന് 22.09.2015 ലെ 2878/15/തസ്വഭവ നമ്പറായി സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പാനലിൽ നിന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഒരാളെ തെരഞ്ഞെടുത്തു മുകളിൽ പറഞ്ഞ ജോലികൾ ഏല്പിക്കാവുന്നതാണ്. ഒപ്പം തദ്ദേശസ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി PWD, KSEB എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാർ അംഗങ്ങളായി ഒരു കമ്മിറ്റിയും രൂപീകരിക്കാം. ഇലക്ട്രിക്കൽ പ്രവർത്തികളുടെ സാങ്കേതികാനുമതി, വർക്കുകളുടെ ചെക് മെഷർമെന്റ് എന്നിവ ഈ കമ്മിറ്റി ചെയ്യണം. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഇലക്ട്രോണിക്സ് സംബന്ധമായ പ്രവർത്തികളും ഏറ്റെടുക്കേണ്ടിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞ പാനലിലും കമ്മിറ്റിയിലും PWD ഇലക്ട്രോണിക്സ് വിഭാഗത്തിൽ നിന്നു വിരമിച്ച എഞ്ചിനീയർമാരെ കൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**

1) റിട്ടയർ ചെയ്ത PWD ഇലക്ട്രോണിക്സ് വിഭാഗത്തിലെ എഞ്ചിനീയറെ ഉൾപ്പെടുത്തുന്നതോടൊപ്പം ജില്ലയിലോ, സമീപ ജില്ലയിലോ ഉള്ള സർക്കാർ എഞ്ചിനീയറിംഗ് കോളജിലെ യോഗ്യതയുള്ള എഞ്ചിനീയറെ കൂടി ഈ കമ്മിറ്റിയിൽ / പാനലിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.
2) 22.09.2015 ലെ 2878/2015/തസ്വഭവ ഉത്തരവ് കോ ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാ നത്തിൽ നാലു പ്രാവശ്യം ഈ ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ട്. (25.11.2018 ലെ 2996/2018/ തസ്വഭവ, 31.12.2018 ലെ 3277/2018/തസ്വഭവ, 08.02.2019 ലെ 267/2019/ തസ്വഭവ, 23.09.2020 ലെ 1715/2020/തസ്വഭവ ഉത്തര വുകൾ). ഈ ഉത്തരവുകൾ എല്ലാം ചേർത്ത് സമഗ്രമായ ഉത്തരവിറക്കാൻ തീരുമാനിച്ചു.

ഇതിന്റെ കരട് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറും എസ്.ആർ.ജിയും ചേർന്ന് കാലതാമസം കൂടാതെ തയ്യാറാക്കി വകുപ്പിനു നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ളിയു.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**
**3) കൺവീനർ, എസ്.ആർ.ജി**

**2.3 (11) ഖണ്ഡിക 4.41**

**എറണാകുളം ജില്ലാ പഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.11.21, 06.11.2021 എന്നീ തീയതികളിലെ കത്തുകളും എറണാകുളം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 24.09.2021 ലെ 8(6)-ാം നമ്പർ തീരുമാനവും (SRG –684/21 - CC 505/2021)**

*പ്രോ.നം. 201/22* *അടങ്കൽ - 21,00,000/- രൂപ*

*(വികസനഫണ്ട് ജനറൽ)*

***പേര് :- സാനിറ്ററി നാപ്കിൻ നിർമ്മാണ യൂണിറ്റ്***

എറണാകുളം ജില്ലയിൽ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സംരംഭമായി ഒരു നാപ്കിൻ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. 2013-14 വർഷം ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെയാണ് ഇത് ആരംഭിച്ചത്. നിലവിലെ മെഷീൻ കാലഹരണപ്പെട്ടതിനാൽ ഉല്പന്നമായ നാപ്കിന്റെ ഗുണനിലവാരം മോശമാണ്. യൂണിറ്റ് നഷ്ടത്തിലാണ്. ഈ മെഷീനു പകരം ആധുനിക രീതിയിലുള്ള മെഷീൻ വാങ്ങി യൂണിറ്റ് പുനരുജ്ജീവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 21.00 ലക്ഷം രൂപയുടെ പ്രോജക്ട് വച്ചിരിക്കുന്നു. ഒരു

യൂണിറ്റിനു തന്നെ ഇത്രയധികം തുക സബ്സിഡി മാർഗ്ഗരേഖ പ്രകാരം നൽകാവുന്നതല്ല എന്നതിനാൽ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

2013-14 ൽ ആരംഭിച്ച ഈ യൂണിറ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഒപ്പം ഈ യൂണിറ്റ് പുനരുജ്ജീവിപ്പിച്ച് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുമോ? കഴിയുമെങ്കിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെ? ഇവ കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തണം.

**റിപ്പോർട്ട്** – ഗുണമേന്മയുള്ള സാനിറ്ററി നാപ്കിൻ നിർമ്മാണ യന്ത്രത്തിന് ശരാശരി 10.50 ലക്ഷം രൂപ ആവശ്യമാണ്. എന്നാൽ ഓട്ടോമാറ്റിക് യന്ത്രത്തിന് ശരാശരി 20 ലക്ഷം രൂപയാണ് വിലവരുന്നത്. ഇതുകൂടാതെ നിർമ്മിച്ച നാപ്കിനുകൾ പാക്ക് ചെയ്യുന്നതിന് മുമ്പ് യു.വി സ്റ്റെറിലൈസേഷൻ ചെയ്യേണ്ടതുണ്ട്. ഇപ്രകാരം ഒരു സ്റ്റെറിലൈസർ വാങ്ങുന്നതിന് 59,000/- രൂപ ചിലവു വരുന്നതാണ്. കൂടാതെ യന്ത്രങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഇൻസ്റ്റലേഷൻ ചാർജ്ജും ഇതോടൊപ്പം വരുന്നതാണ്.

സാനിറ്ററി നാപ്കിൻ ഒരെണ്ണം 3 രൂപ നിരക്കിലാണ് വിപണനം ചെയ്ത് വരുന്നത്. നൂതന യന്ത്ര സാമഗ്രികൾ വഴി ഉത്പാദനം നടത്തുകയാണെങ്കിൽ ഉത്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതോടൊപ്പം ഉത്പാന ചിലവ് കുറയ്ക്കുന്നതിനും ഇതിലൂടെ കുറഞ്ഞ നിരക്കിൽ ഉത്പന്നം വിപണനം ചെയ്യുന്നതിനും ഇതിലൂടെ വിപണിയിലെ മറ്റ് ഉത്പന്നങ്ങളുമായി കിട പിടിച്ച് വിപണി കയ്യടക്കുന്നതിനും സാധിക്കുന്നതാണ്.

**തീരുമാനം:-** കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓട്ടോമാറ്റിക് യന്ത്രം വാങ്ങി യൂണിറ്റ് നവീകരിക്കുന്നതിന് പ്രോജക്ടിൽ പറഞ്ഞ തുക ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.4 – 18.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.4 (3) ഖണ്ഡിക 2.3

ബ്ലോക്കു പഞ്ചായത്തുകളടക്കം ചില തദ്ദേശഭരണസ്ഥാപനങ്ങളിലെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവർക്ക് ഡി.ഡി.ഒ കോഡ് ഇല്ല എന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥൻ ഗസറ്റഡ് ഓഫീസർ അല്ലെങ്കിൽ തന്നെയും ഡി.ഡി.ഒ കോഡ് അനുവദിച്ച് നിർവഹണം നടത്തുന്ന രീതിയാണ് ജനകീയാസൂത്രണത്തിൽ തുടക്കം മുതൽ സ്വീകരിച്ചു വരുന്നത്. ഇങ്ങനെ പട്ടികജാതി വികസന ഓഫീസർമാർ അടക്കം ഡി.ഡി.ഒ കോഡില്ലാത്ത എത്ര നിർവ്വഹണ ഉദ്യോഗസ്ഥരുണ്ടെന്ന് ലിസ്റ്റു തയ്യാറാക്കി ധനവകുപ്പിനു നൽകാൻ പട്ടികജാതി വികസന ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ എന്നീ

വകുപ്പുമേധാവികളെ ചുമതലപ്പെടുത്തി. ഇത്തരം ഉദ്യോഗസ്ഥർക്ക് ഡി.ഡി.ഒ കോഡ് അനുവദിക്കാൻ ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ഡി.ഡി.ഒ കോഡ് ലഭ്യമല്ലാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട് എന്നറിയിച്ചു. ഇതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ധനവകുപ്പിനോട് ആവശ്യപ്പെട്ടു. ഇങ്ങനെ എത്ര ഉദ്യോഗസ്ഥർക്കാണ് ഡി.ഡി.ഒ കോഡ് നൽകാൻ ധനവകുപ്പിനു കൈമാറിയത്, ഇവരിൽ എത്ര പേർക്ക് ഡി.ഡി.ഒ കോഡ് ലഭിച്ചു എന്നീ വിവരങ്ങൾ വകുപ്പ് മേധാവികൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.ആർ.എ/ഇ.പി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**

**2.4 (4) ഖണ്ഡിക 4.12**

**ഇരവിപേരൂർ ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.10.2021 ലെ കത്ത് (SRG 622/21 – CC/ 276/21)**

***പ്രോ.നം. 111/22***

***അടങ്കൽ 12,51,080/- രൂപ***
***(വികസനഫണ്ട് ജനറൽ - 1,00,000/- രൂപ***
***തനത് ഫണ്ട് – 2,00,000/- രൂപ***
***സി.എഫ്.സി റ്റൈഡ് ഗ്രാന്റ് – 6,00,000/- രൂപ***
***സ്റ്റേറ്റ് സ്പോൺസേർഡ് ഫണ്ട് – ശുചിത്വമിഷൻ വിഹിതം – 351, 080/ രൂപ )***

***പേര്:- ശുചിത്വകേരളം – സമ്പൂർണ്ണ ശുചിത്വയജ്ഞം.***

മുകളിൽ പറഞ്ഞ പ്രോജക്ടിൽ ഹരിത കർമ്മസേന പ്രവർത്തനങ്ങൾ (2,00,000/- രൂപ, ശുചിത്വമിഷൻ വിഹിതം ഉപയോഗിച്ചു നിർമ്മിച്ച ശൗചാലയങ്ങളിൽ നാപ്കിൻ ഇൻസിനറേറ്ററുകൾ വാങ്ങി നൽകൽ (50,000/-രൂപ), കൊവിഡ് ട്രീറ്റ്മെന്റ് സെന്ററുകളിൽ ഇൻസിനറേറ്റർ (1,00,000/- രൂപ), പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ് പ്രവർത്തനങ്ങൾ (1,00,000/- രൂപ), മിനി എം.സി.എഫുകളുടെ നിർമ്മാണം (8,01,080/- രൂപ) എന്നിവയാണ് വിവിധ പ്രവർത്തനങ്ങൾ.

ഇതിൽ മിനി എം.സി. എഫുകളുടെ നിർമ്മാണത്തിനുള്ള ആകെ തുകയിൽ 4,50,000/- രൂപ ധനകാര്യ കമ്മീഷൻ വിഹിതവും 3,51,080/- രൂപ ശുചിത്വമിഷൻ വിഹിതവുമാണ്. ഈ പ്രവർത്തി ക്വട്ടേഷൻ വിളിച്ചാണ് നടപ്പാക്കിയത്. ഏറ്റവും കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷൻ നൽകിയ സാജൻ എഞ്ചിനീയറിംഗ് വർക്ക്സ്, പാടത്തുപാലം, വള്ളംകുളം എന്ന സ്ഥാപനത്തിന് ഒരു യൂണിറ്റിന് 19,400/- രൂപ നിരക്കിൽ പ്രവർത്തി ഏല്പിച്ചു. നിർമ്മാണം പൂർത്തിയായ ശേഷം അസി.എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ഒരു യൂണിറ്റിന് 18,354/- രൂപ കണക്കാക്കി കരാറുകാരന് 2,10,000/- രൂപ

നൽകി. ഇനി ബാക്കി തുക നൽകാനുണ്ട്. ടെണ്ടർ നടപടി ഒഴിവാക്കി ക്വട്ടേഷൻ വിളിച്ച നടപടിക്ക് സാധൂകരണം നൽകി ബാക്കി തുക കൂടി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**

നടപടിക്രമത്തിൽ അപാകതയുണ്ട് എങ്കിലും പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചിട്ടുള്ളതിനാലും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലാത്തതിനാലും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം കുറച്ച് തുക നൽകിയതിനാലും നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി സാധൂകരിക്കാവുന്നതാണ്.

**തീരുമാനം:** – ബാക്കി തുക കൂടി നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2.4 (5) ഖണ്ഡിക 4.19**

**കരുമല്ലൂർ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.09.2021, 30.09.2021, എന്നീ തീയതികളിലെ കത്തുകളും കരുമല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.09.2021-ലെ A3-5349/21-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.08.2021-ലെ 1(15) നമ്പർ തീരുമാനവും (SRG 564/21 - CC/397/21)**

***പ്രോ.നം - 99/22*** ***അടങ്കൽ - 5,36,000/- രൂപ (CFC Tied Grant)***

***പേര് - വിവിധ വാർഡുകളിലെ തോട് വൃത്തിയാക്കൽ***

മഴക്കാല ശുചീകരണത്തിന്റെ ഭാഗമായി തോടുകളിലെയും നീർച്ചാലുകളിലെയും മാലിന്യം മാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതിനായി ടെണ്ടർ/ ക്വട്ടേഷൻ ഇല്ലാതെ JCB, Hitachi, Floating JCB തുടങ്ങിയവ വാടകയ്ക്ക് എടുത്ത് പ്രവൃത്തി നടപ്പാക്കി. ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നതിനാലാണ് ടെണ്ടർ/ക്വട്ടേഷൻ ചെയ്യാൻ കഴിയാത്തത് എന്ന് അറിയിച്ചുകൊണ്ട് ചെയ്ത പ്രവൃത്തിക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ നടത്തിയ പ്രകാരം ചെയ്ത പ്രവൃത്തിയുടെ ബിൽ തുക 5,00,248 രൂപയാണ്.

ടെണ്ടർ കൂടാതെ പ്രവൃത്തി ചെയ്തത് വീഴ്ചയാണ് എന്നു യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

റിപ്പോർട്ട് ഉടനെ നൽകാമെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**

**2.4 (6) ഖണ്ഡിക 4.38**

**വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.10.2021 -ലെ കത്തും വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.09.2021-ലെ 2(1) -ാം നമ്പർ തീരുമാനവും (SRG 651/21 - CC 422 /2021)**

**പ്രോ.നം. 153/21** *അടങ്കൽ - 3,00,000/- രൂപ*

*(ധനകാര്യ കമ്മീഷൻ (Basic Grant)*

***പേര് :- ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് LED മിനി മാസ്റ്റ്***

മുകളിൽ പറഞ്ഞ പ്രോജക്ട് നടത്താൻ അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി സെക്രട്ടറി കരാറിലേർപ്പെട്ടു. ഒപ്പം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ടിന്റെ അടങ്കൽ വർദ്ധിപ്പിക്കാൻ നടപടിയെടുത്തു. ഇതിനു ശേഷമാണ് വെറ്റിംഗിന് അയച്ചത്. ടെണ്ടർ നടത്താതെ പ്രവർത്തി ഏൽപ്പിക്കാവുന്നതല്ല എന്ന കാരണത്താൽ വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചു. എന്നാൽ ഏജൻസി പ്രവൃത്തി നടപ്പിലാക്കി. അടങ്കൽ തുക വർദ്ധിപ്പിക്കാൻ സുലേഖ സോഫ്റ്റ് വെയറിൽ നടപടിയെടുത്തതിനാൽ പ്രോജക്ട് സാങ്കേതികമായി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച സ്റ്റാറ്റസിലല്ല. ഈ സാഹചര്യത്തിൽ സ്പിൽഓവറാക്കാൻ കഴിയില്ല. അതിനാൽ ബിൽ തുക നൽകാനായി ഈ വർഷം പുതിയ പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

04.07.2019-ലെ 77/2019/ഫിൻ ഉത്തരവു പ്രകാരം യൂണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ഇലക്ട്രിക്കൽ പ്രവൃത്തികളുടെ PMC മാത്രമാണ്. അതിനാൽ ഈ ഏജൻസിയെ മിനിമാസ്റ്റ് മെയിന്റനൻസ് നേരിട്ട് ഏൽപ്പിച്ച നടപടിയിൽ വീഴ്ചയുണ്ട് എന്ന് യോഗം വിലയിരുത്തി. ഇത് പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

റിപ്പോർട്ട് ഉടനെ നൽകാമെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**

**2.4 (7) ഖണ്ഡിക 4.43**

**പാണവള്ളി ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2021-ലെ കത്തും പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.10.2021-ലെ B - 123/21-ാം കത്തും പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ 11.10.2021 തീയതിയിലെ 1(16)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 660/21 - CC 471 /2021)**

*പ്രോ.നം. 85/22* *അടങ്കൽ - 10,00,000/- രൂപ*

*(തനത് ഫണ്ട്)*

*പേര് :- ഒടുക്കത്തറ - കാരളിപ്പണി ഭാഗത്ത് വെള്ളക്കെട്ട് ഒഴിവാക്കൽ*

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുമാരി അനാരിഹ പ്രമോദിന്റെ വീടിന് ചുറ്റുമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വീടിനു ചുറ്റം സംരക്ഷണ ഭിത്തി പണിയാൻ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നു. വീടിനു ചുറ്റുമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സംരക്ഷണ ഭിത്തി പണിത് മണ്ണിട്ടുയർത്തണമെന്ന് ബഹു. മുഖ്യമന്ത്രിക്ക് ഇവർ അപേക്ഷ നൽകിയിട്ടുണ്ട് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം വീട് ഇരിക്കുന്ന സ്ഥലം നിലം ആണ്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഇതു പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും .

റിപ്പോർട്ട് ഉടനെ നൽകാമെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്**

**2.4 (8) ഖണ്ഡിക 4.44**

**കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്**

**ഗ്രാമവികസന കമ്മീഷണറുടെ 24.09.2021 ലെ DP4/7417/2021/CRD നമ്പർ കത്തും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.06.2021 ലെ C/991/2021-ാം നമ്പർ കത്തും (SRG 762/21 , - LSGD / DD2/ 284/ 2021/ LSGD).**

കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റേയും വിവിധ വകുപ്പുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തത്തോടെ ഭിന്നശേഷി ശാക്തീകരണ പദ്ധതിയായ എനേബ്ലിംഗ് കോഴിക്കോടിന്റെ ഭാഗമായി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കോടഞ്ചേരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ കമ്മ്യൂണിറ്റി ബേസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ വൈകല്യങ്ങളെ നേരത്തെ കണ്ടെത്തി അവർക്കാവശ്യമായ ചികിത്സയും പുനരധിവാസ സേവനങ്ങളും നൽകുക എന്നതാണ് ഈ സെന്റർ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ഈ സെന്ററിൽ ക്ലീനിക്കൽ സൈക്കോളജിസ്റ്റ് കൺസൾട്ടന്റ്, റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് കൺസൾട്ടന്റ്, പാത്തോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നീ വിഭാഗം ആൾക്കാരെ നിയമിക്കണം. ഇതിനായി ഒരു വർഷം 16.00 ലക്ഷം രൂപ വേണം. മുകളിൽ പറഞ്ഞ വിദഗ്ധരെ നിയമിക്കാൻ വികസന ഫണ്ടുപയോഗിച്ച് പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണ മെന്നതു സംബന്ധിച്ച്.

ഇതു സംബന്ധിച്ച് ജില്ലാ കളക്ടർ നൽകിയ മാർഗ്ഗ നിർദ്ദേശപ്രകാരം വിദഗ്ധരെ നിയമിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പദവി | പ്രതിമാസ ഹോണറേറിയം | പോസ്റ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | Rs.33,000/- | 1 |
| 2 | റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് | Rs.30,000/- | 1 |
| 3 | സ്പീച്ച് തെറാപ്പിസ്റ്റ് | Rs.26,400/- | 1 |
| 4 | ഫിസിയോ തെറാപ്പിസ്റ്റ് | Rs.26,400/- | 1 |
| 5 | സ്പെഷ്യൽ എഡ്യൂക്കേറ്റർ | Rs.17,250/- | 1 |

ഇതിന് അനുമതി നൽകാമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ (പ്രതിനിധി) യോഗത്തിൽ അറിയിച്ചു.

**തീരുമാനം** – ഈ വർഷത്തേക്ക് മുകളിൽ പറഞ്ഞവരെ തനതുഫണ്ടുപയോഗിച്ച് നിയമിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**2.4 (9) ഖണ്ഡിക 4.50**

**മങ്കട ബ്ലോക്ക് പഞ്ചായത്ത്**

**ബഹു. മങ്കട എം.എൽ.എ.യുടെ 15.11.2021-ലെ കത്തും മങ്കട ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 22.10.2021-ലെ 4(2)-ാം നമ്പർ തീരുമാനവും (SRG –772/21 - LSGD DD2/367/2021/LSGD)**

മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ രാത്രികാലത്ത് ഡോക്ടറുടെ സേവനം ലഭ്യമല്ല. ഇത് താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടില്ല. സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കും വരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രാത്രി കാലത്തേയ്ക്ക് ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, ഒരു ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് നടപടി ക്രമങ്ങൾ എന്തായി എന്ന് പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകണം. അതുവരെ രാത്രികാലത്തേക്ക് താൽക്കാലിക നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

അടുത്ത കോഓഡിനേഷൻ കമ്മിറ്റിയിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകാമെന്ന് ആരോഗ്യ വകുപ്പിൽ നിന്നുള്ള പ്രതിനിധി അറിയിച്ചു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2)ഡയറക്ടർ, ആരോഗ്യവകുപ്പ്**

**2.4 (10) ഖണ്ഡിക 4.65**

**നവനിർമ്മിതി ലേബർ കോൺട്രാക്ട് സൊസൈറ്റി**

**നവനിർമ്മിതി മൾട്ടി എഞ്ചിനീയറിംഗ് ലേബർ കോൺട്രാക്ട് സഹകരണ സംഘം പ്രസിഡന്റിന്റെ 18.11.2021 ലെ കത്ത് (SRG 790/21)**

മരാമത്ത് പ്രവർത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾക്ക് സ്വകാര്യ കോൺട്രാക്ടർമാർ ക്വാട്ട് ചെയ്യുന്ന ഏറ്റവും

കുറഞ്ഞ നിരക്കിനേക്കാൾ 10 ശതമാനം വരെ അധികനിരക്കിൽ ക്വാട്ട് ചെയ്താലും പ്രവർത്തി ഈ സൊസൈറ്റിക്ക് നൽകാമെന്ന് ഉത്തരവുണ്ട്. ഇതിനായി സൊസൈറ്റികൾക്ക് മുൻഗണന ലഭിക്കാനായി നിർദ്ദിഷ്ട സൊസൈറ്റി തൊട്ടു മുൻപുള്ള വർഷം താഴെ പറയും പ്രകാരം നിശ്ചിത തുകയ്ക്കുള്ള പ്രവർത്തി പൂർത്തിയാക്കണം.

1) എ .ക്ലാസ്സ് ലേബർ സഹകരണ സംഘം – 500 ലക്ഷം രൂപ

2) ബി. ക്ലാസ്സ് ലേബർ സഹകരണ സംഘം – 300 ലക്ഷം രൂപ

3) സി. ക്ലാസ്സ് ലേബർ സഹകരണ സംഘം – 100 ലക്ഷം രൂപ

കൊവിഡ് മഹാമാരി കാരണം ഈ നിരക്കിലുള്ള പ്രവർത്തികൾ പല ലേബർ സൊസൈറ്റികൾക്കും നടത്താൻ കഴിഞ്ഞിട്ടില്ല. പുതിയതായി (2 വർഷത്തിനകം) രൂപീകരിക്കപ്പെട്ട സൊസൈറ്റികൾക്ക് ഈ തുക തികയ്ക്കാൻ വലിയ ബുദ്ധിമുട്ടാണ്. അതിനാൽ ഇത്തരം സൊസൈറ്റികൾക്ക് (2 വർഷത്തിനകം രൂപീകരിക്കപ്പെട്ട) ഒരു വർഷം ഒരു കോടി രൂപയുടെ പ്രവർത്തി എന്നത് 2 വർഷം കൊണ്ട് ആകെയുള്ള പ്രവർത്തികൾ ഒരു കോടി രൂപ എന്നാക്കി ഭേദഗതി ചെയ്യണമെന്നതു സംബന്ധിച്ച്.

ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.

**റിപ്പോർട്ട്** – മുകളിൽ പറഞ്ഞ വ്യവസ്ഥ ഭേദഗതി ചെയ്യേണ്ടതില്ലെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു.

**തീരുമാനം:** – മുകളിൽ പറഞ്ഞ വ്യവസ്ഥ തന്നെ തുടരേണ്ടതാണ് എന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.4 (11) ഖണ്ഡിക 4.69**

**4.69 CPRCS മുഖേന ലാപ് ടോപ് വാങ്ങൽ**

**പഞ്ചായത്തു ഡയറക്ടറുടെ 01.12.2021-ലെ PAN/20909/2018-J1 (DP) നമ്പർ കത്ത് (SRG 841/21 – CC /404/21).**

കുട്ടികൾക്ക് നൽകുന്ന ലാപ് ടോപ്പുകൾ Procurement and Rate contract System (CPRCS) മുഖേന വാങ്ങണമെന്നാണ് നിർദ്ദേശം. ഐ.റ്റി.മിഷൻ ഡയറക്ടറുടെ ശുപാർശ അനുസരിച്ച് നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള മിഡ് ലെവൽ ലാപ് ടോപ് ആകണം വിദ്യാർത്ഥികൾക്ക് വേണ്ടി വാങ്ങേണ്ടതെന്നും വില IT മിഷൻ ഡയറക്ടർ ശുപാർശ പ്രകാരം നിശ്ചയിച്ച (ഉബുണ്ടു അധിഷ്ഠിതമായ ലാപ് ടോപിന് 22,895/- രൂപയും വിന്റോസ് ഹോം അധിഷ്ഠിതമായതിന് 27,722/- രൂപയും) വിലയാകണമെന്നും ഉത്തരവായിരുന്നു.ലാപ് ടോപ് വിതരണക്കാരുമായുള്ള കരാർ അവസാനിച്ചതിനാൽ CPRCS – ൽ ലാപ് ടോപിന്റെ നിരക്ക് ലഭ്യമല്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.21 ലെ തീരുമാന പ്രകാരം CPRCS – മുഖേന ലാപ് ടോപ് ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഐ.റ്റി. മിഷനിൽ ഡിപ്പോസ്റ്റ് ചെയ്ത തുക തിരികെ വാങ്ങി GEM പോർട്ടൽ മുഖേന വാങ്ങാൻ അനുമതി നൽകിയിരുന്നു.

നിലവിൽ CPRCS-ൽ ലാപ് ടോപ്പുകൾ മുകളിൽ പറഞ്ഞ നിരക്കിൽ ലഭ്യമല്ലാത്തതിനാൽ GEM, Tender, E-Tender മുഖേന വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

1) ഐ.റ്റി. മിഷൻ ഡയറക്ടർ മുൻപ് നിശ്ചയിച്ചു തന്ന മിഡ് ലെവൽ സ്പെസിഫിക്കേഷൻ പ്രകാരം പുതിയ വില നിശ്ചയിച്ചു തരാൻ ഐ.റ്റി. മിഷൻ ഡയറക്ടറെ 18.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചുമതലപ്പെടുത്തി.
2) ഇങ്ങനെ നിശ്ചയിച്ചു തരുന്ന വിലയിൽ പരിമിതപ്പെടുത്തി നേരത്തെ നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരം GEM പോർട്ടൽ മുഖേന വാങ്ങാൻ അനുമതി നൽകുന്നു.

**റിപ്പോർട്ട്** :- ലാപ് ടോപ്പുകളുടെ സ്പെസിഫിക്കേഷനും വിലയും നിശ്ചയിച്ചു നൽകാൻ 2022 ജനുവരി 25 വരെ സമയം നീട്ടി നൽകണമെന്ന് 11.01.2022 ലെ യോഗത്തിൽ ഐ.റ്റി. മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടു.

**തീരുമാനം:-** കാലതാമസമൊഴിവാക്കുന്നതിനായി ഐ.റ്റി മിഷൻ ഡയറക്ടർ വില നിശ്ചയിച്ച് റിപ്പോർട്ട് നൽകുന്നതനുസരിച്ച് ഉത്തരവിറക്കാൻ യോഗം തീരുമാനിച്ചു. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം വരെ കാത്തിരിക്കേണ്ടതില്ല. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരം പുതിയ വിലക്ക് (ഐ.റ്റി മിഷൻ ഡയറക്ടർ നിശ്ചയിച്ചു നൽകുന്ന വില) ലാപ് ടോപ് GEM പോർട്ടലിൽ ലഭിക്കാതെ വരുന്ന അവസരത്തിൽ ഇ – ടെണ്ടറിലൂടെ വാങ്ങാവുന്നതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ഐ.റ്റി.മിഷൻ ഡയറക്ടർ**

## 3. പൊതുവിഷയം

1) പദ്ധതി നിർവ്വഹണവും അവലോകനവും കാര്യക്ഷമമാക്കാൻ വകുപ്പുമേധാവികൾ പ്രത്യേകമായി ഇടപെടണം. ഏതൊക്കെ മേഖലയിലാണ് പദ്ധതി നിർവ്വഹണവും പദ്ധതി ചെലവും പുറകിൽ നിൽക്കുന്നതെന്ന് പരിശോധിച്ച് ആവശ്യമായ ഇടപെടൽ നടത്തണം. ലൈഫ് ഭവന പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ചു നൽകുന്നതിൽ വേണ്ട വേഗതയില്ല. തദ്ദേശഭരണസ്ഥാപനങ്ങൾ ഇതിനായി മാറ്റി വച്ചിരിക്കുന്ന തുക ചെലവഴിക്കുന്നു എന്ന് ഉറപ്പാക്കണം. HUDCO യിൽ നിന്ന് ലഭിയ്ക്കേണ്ട ലോൺ ഉടനെ ലഭിക്കുമെന്നതിനാൽ കരാറിലേർപ്പെടാൻ ബാക്കിയുള്ളവയിൽ അടിയന്തിര നടപടി സ്വീകരിച്ച് ഭവന നിർമ്മാണം ത്വരിതഗതിയിലാക്കണം. ഒപ്പം പട്ടികജാതി വികസനവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് മുഖേന നൽകുന്ന വീടുകളുടെ നിർമ്മാണം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ പ്രത്യേകമായി മോണിറ്റർ ചെയ്യണം. വകുപ്പുകൾ മുഖേന നിർമ്മിക്കുന്ന വീടുകളുടെ പുരോഗതിയും ഒപ്പം തദ്ദേശഭരണസ്ഥാപനങ്ങൾ നിർമ്മിക്കുന്ന വീടുകളുടെ പുരോഗതിയും പ്രത്യേകമായി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം/ഡി.ബി) വകുപ്പ്**
**2)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**3)പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ**
**4)പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ**
**5)ഡയറക്ടർ, ഫിഷറീസ് വകുപ്പ്**

2) പട്ടികജാതി / പട്ടികവർഗ്ഗ/മത്സ്യബന്ധ മേഖലയിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള ആദ്യ ഗഡു നൽകുന്നതിനുള്ള നടപടി അടിയന്തിരമായി എടു ക്കേണ്ടതാണ് എന്ന് ബഹു. മന്ത്രി നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ**
**3)പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ**
**4)ഡയറക്ടർ, ഫിഷറീസ് വകുപ്പ്**
**5)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

3) ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ പദ്ധതി ചെലവ് കുറവാണ് എന്ന് യോഗം വിലയിരുത്തി. ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ചുള്ള സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവഹണം വേഗത്തിലാക്കണം. പൂർത്തിയായ പ്രോജക്ടുകളുടെ ബിൽ തുക നൽകുന്നതിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ ഇടപെട്ടു പരിഹരിക്കാൻ വകുപ്പ് മേധാവികൾ ശ്രദ്ധിക്കണം. ഏറ്റവും കൂടുതൽ തുക വിനിയോഗം വരുന്നത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രോജക്ടുകളിലാണ്. ചുമതലയാണ്. ചീഫ് എഞ്ചിനീയർ ഇക്കാര്യം പ്രത്യേകം മോണിറ്റർ ചെയ്യണം. പുതിയ പ്രോജക്ടുകളുടെ നിർവഹണത്തിന് ഇ ഗ്രാം സ്വരാജ് പോർട്ടലിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഡയറക്ടർ സപ്പോർട്ട് സെൽ രൂപീകരിക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ PFMS വഴി തുക മാറാൻ സാങ്കേതിക കാരണങ്ങളാൽ പലപ്പോഴും തടസ്സമുണ്ടാകുന്നുണ്ട്. ഇത്തരം അവസരങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങളെ ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റുമാർ സഹായിക്കണം. തദ്ദേശഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് ഇതുസംബന്ധിച്ച് ആവശ്യമായ പരിശീലനം അടിയന്തിരമായി ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റുമാർ നൽകണം. ഇതിനുള്ള നടപടി ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണം. കൂടാതെ ബന്ധപ്പെട്ട ബാങ്കുമായി തദ്ദേശഭരണസ്ഥാപനങ്ങൾ ഇടപ്പെട്ടു കാലതാമസമൊഴിവാക്കാൻ ഇടപെടണം. വകുപ്പ് മേധാവികൾ പ്രത്യേകമായി മോണിറ്റർ ചെയ്യണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**
**3)നഗരകാര്യ ഡയറക്ടർ**
**4)ഗ്രാമ വികസന കമ്മീഷണർ**
**5) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

4) ലൈഫ് ഗുണഭോക്താക്കളായ ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം കണ്ടെത്തുന്നതിന് ചില പ്രദേശങ്ങളിൽ ബുദ്ധിമുട്ടുണ്ട്. തോട്ടം മേഖലയിൽ ഈ പ്രശ്നം വളരെ ഗൗരവമാണ്. ഭൂരഹിത ഭവന രഹിതരുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നവർ ആവശ്യമായ ഭൂമി ആ തദ്ദേശഭരണസ്ഥാപനത്തിൽ ലഭിക്കാതിരിക്കുകയും എന്നാൽ അതേ ജില്ലയിൽ തന്നെ മറ്റൊരു തദ്ദേശഭരണ സ്ഥാപനത്തിൽ ലഭിക്കുകയും ചെയ്താൽ സ്ഥലം ലഭ്യമായ തദ്ദേശഭരണ സ്ഥാപനത്തിൽ വീടു നിർമ്മിച്ചു നൽകാൻ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് ധന സഹായം നൽകാവുന്നതാണ്. ഇങ്ങനെ സ്ഥലം വാങ്ങുന്നത് അതത് ജില്ലയിൽ തന്നെ ആയിരിക്കണം. അതിനായി

ഗുണഭോക്താവിന്റെ റേഷൻ കാർഡ് ഏതു തദ്ദേശഭരണസ്ഥാപനത്തിലാണോ ഉള്ളത് ആ തദ്ദേശഭരണസ്ഥാപനം (ഇപ്പോൾ സ്ഥിരമായി താസിക്കുന്നത്) അർഹതപ്പെട്ട വിഹിതം നൽകണം. ഇതിന്മേലുള്ള ഹഡ്കോ ലോൺ ഭാവിയിൽ ഇതേ തദ്ദേശഭരണസ്ഥാപനം തിരികെ അടയ്ക്കേണ്ടതാണ്. ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്ന തിനും ഇതേ മാനദണ്ഡം പാലിക്കാവുന്നതാണ്.

ഭൂരഹിത – ഭവന രഹിത ലൈഫ് ഗുണഭോക്താക്കൾക്ക് വീട്ടു നിർമ്മിച്ചു നൽകാൻ ആവശ്യമായ ഭൂമി കണ്ടെത്താൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പ്രത്യേക ഇടപെടൽ നടത്തണം. ''മനസ്സോടിത്തിരി മണ്ണ്'' ക്യാംപയിൻ വിജയിപ്പിക്കുന്നതിനും സുമനസ്സുകൾ, സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹായം തേടുന്നതടക്കമുള്ള ഇടപെടൽ തദ്ദേശഭരണസ്ഥാപന ങ്ങളിലെ ജനപ്രതിനിധികളടക്കമുള്ളവർ ചെയ്യണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

5) ഡി.ഡി.ഒ കോഡ് ലഭിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ ലിസ്റ്റു ശേഖരിച്ചു ധനവകുപ്പിനു നൽകാൻ പഞ്ചായത്തു ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് വിവരങ്ങൾ ധനവകുപ്പിനു നൽകി എന്ന് വകുപ്പുമേധാവികൾ യോഗത്തിൽ അറിയിച്ചിരുന്നു. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുമ്പ് എത്ര പേരുടെ ലിസ്റ്റാണ് ധനവകുപ്പിന് നൽകിയത്, അതിൽ എത്ര പേർക്ക് ഡി.ഡി.ഒ കോഡ് ലഭിച്ചു എന്നീ വിവരങ്ങൾ വകുപ്പുമേധാവികൾ നൽകണം.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഇ.ആർ.എ/ ഇ.പി.എ) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**
**3)നഗരകാര്യ ഡയറക്ടർ**
**4)ഗ്രാമവികസന കമ്മീഷണർ**
**5)ധനവകുപ്പ്**

## 4. പ്രത്യേക വിഷയം

=====================

### 4.1 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2021 ലെ കത്തും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 01.11.2021 ലെ** D-1475/21-ാം **നമ്പർ കത്തും (SRG 713 /21** - CC /**528**/21))

*പ്രോ.നം: 125/22*

*അടങ്കൽ - 84,00,000/-*
*(വികസനഫണ്ട് ജനറൽ - 13,00,000/- രൂപ*
*IAY വിഹിതത്തിലെ ബാക്കി തുക - 68,50,000/- രൂപ*
*തനത് ഫണ്ട് – 2,50,000/- രൂപ)*

***പേര് : ലൈഫ് - ലക്ഷം വീട് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കൽ - രണ്ടാം ഘട്ടം***

കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് മേഖലയിലെ വിവിധ പ്രദേശത്തെ ലക്ഷം വീട്ടു കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. 11 ഇരട്ട വീടുകളിലായി ആകെ 21 കുടുംബങ്ങളാണ് താമസിക്കുന്നത്. ഇവരെല്ലാം പൊതു വിഭാഗത്തിൽപ്പെട്ടുന്നവരാണ്. ബ്ലോക്ക് പഞ്ചായത്തിൽ ത്രിതല പഞ്ചായത്തുകൾ IAY വിഹിതത്തിനു നൽകിയ തുകയിൽ പലിശയടക്കം 73,75,665/- രൂപ ബാങ്കിൽ (കാനറാ ബാങ്ക്, വളാഞ്ചേരി) ബാക്കിയുണ്ട്. ഈ തുകയിൽ നിന്ന് 68,50,000/- രൂപ കൂടി ഉൾപ്പെടുത്തി ആകെ 84.00 ലക്ഷം രൂപയുടെ പ്രോജക്ടാണ് ഇതിനായി എടുത്തിട്ടുള്ളത്. ഈ തുക ഉപയോഗിച്ച് മുകളിൽ പറഞ്ഞ 21 കുടുംബങ്ങൾക്ക് പുതിയ വീട് പണിയുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം -** ലൈഫ് പദ്ധതിയ്ക്കായി മാറ്റി വച്ചിരിക്കുന്ന വിഹിതത്തിനു (20%) പുറമെ ആയിരിക്കണം ഇതിനായി ഉപയോഗിക്കുന്ന ഈ വിഹിതം. PMAY ആവാസ് പ്ലസ് പ്രകാരമുള്ള ഭവന നിർമ്മാണത്തിനു മതിയായ തുക വകയിരുത്തണം. ഈ നിബന്ധകളോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.2 പുറക്കാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2021 ലെ കത്തും പുറക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.09.21 ലെ I (1)-ാം നമ്പർ തീരുമാനവും ശ്രീമതി ലീബമോൾ, പൊന്നൂസ് വില്ല, തോട്ടപ്പള്ളിയുടെ 06.12.21 ലെ കത്തും (SRG 607/22** - CC /**435**/21, SRG 889/21)

*പ്രോ.നം: 163/22* *അടങ്കൽ - 4,99,600/-*
*(മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)*

*പേര് : ഗവൺമെന്റ് ഐ.റ്റി.ഐക്കു വാടക.*

2008 മുതൽ പഞ്ചായത്തിൽ ഗവൺമെന്റ് ITI രണ്ടു വാടക കെട്ടിടങ്ങളിലായി പ്രവർത്തിച്ചു വരുന്നു. വർക്ക്ഷോപ്പ് കെട്ടിടത്തിന് 5503/- രൂപയും ഐ.റ്റി.ഐ കെട്ടിടത്തിന് 10011/- രൂപയുമാണ് പ്രതിമാസ വാടക. ആകെ 15514/- രൂപ . ഈ നിരക്ക് പ്രകാരം വാടക ഗ്രാമപഞ്ചായത്ത് 12.05.2019 വരെ നൽകി. അതിനു ശേഷം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി 2016 മുതൽ പ്രാബല്യത്തിൽ വാടക പുതുക്കി. ഇതനുസരിച്ച് ഐ.റ്റി.ഐ കെട്ടിടത്തിന് 34,375/- രൂപയും വർക്ക് ഷോപ്പിന് 12,946/- രൂപയുമാണ് പ്രതിമാസ വാടക. ആകെ 47,321/- രൂപ. 2016 ഫെബ്രുവരി മുതൽ ഇതനുസരിച്ചുള്ള കുടിശ്ശിക നൽകണമെന്ന് കെട്ടിട ഉടമ ആവശ്യപ്പെട്ടിട്ടുണ്ട്. ആകെ തുക 28,90,703/- രൂപ. ഈ വർഷത്തെ വാടക നൽകാനാണ് മുകളിൽ പറഞ്ഞ തുക വകയിരുത്തിയിരിക്കുന്നത്. സർക്കാർ അനുമതിയോടെ ഇതുവരെയുള്ള വാടക നൽകിയത് തനതു ഫണ്ടിൽ നിന്നാണ്. തനതുഫണ്ട് ഇല്ലാത്തതിനാൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം -** 1) മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. തനതുഫണ്ടുപയോഗിച്ച് 12.05.19 ന ശേഷമുള്ള വാടക നൽകാൻ അനുമതി നൽകുന്നു.

2) അടുത്ത സാമ്പത്തിക വർഷം തൊഴിൽ വകുപ്പിൽ നിന്ന് വാടകയ്ക്കായി തുക വകിയിരുത്തുന്നതിന് ഐ.റ്റി.ഐ പ്രിൻസിപ്പൽ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇക്കാര്യം ഐ.ടി.ഐ പ്രിൻസിപ്പലിനെയും ബന്ധപ്പെട്ട ചുമതലക്കാരെയും അറിയിക്കണം.
3) പുതുക്കിയ നിരക്കനുസരിച്ച വാടക കുടിശ്ശിക നൽകുന്നതു സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

## 4.3 വാമനപുരം ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.11.2021 ലെ കത്തും വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.10.2021 ലെ 2 (J) നമ്പർ തീരുമാനവും (SRG 709 /21 - CC /552/21)**

*പ്രോ.നം: 133/22*

*അടങ്കൽ - 50,00,000/- രൂപ*
*(വികസനഫണ്ട് ജനറൽ - 29,00,000/- രൂപ*
*തനതു ഫണ്ട് - 21,00,000/- രൂപ)*

***പേര് : കോവിഡ് പ്രതിരോധം - കല്ലറ സി.എച്ച്.സിയിൽ CFLTC പ്രവർത്തനങ്ങൾ***

ബ്ലോക്ക് പഞ്ചായത്തിന്റെ കല്ലറ സി.എച്ച്.സിയോടനുബന്ധിച്ച് **CFLTC** യുടെ പ്രവർത്തനത്തിനായി മുകളിൽ പറഞ്ഞ പ്രോജക്ട് പ്രകാരം 50.00 ലക്ഷം രൂപയോളം ചെലവഴിച്ചു. ഇനിയും തുക വേണ്ടി വരും. ഇതുവരെയുള്ള ചെലവിന്റെ ബില്ലുകളും വൗച്ചറുകളും ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നൽകിയെങ്കിലും **CFLTC** യുടെ പ്രവർത്തനത്തിന്മേലുള്ള ചെലവ് റീഇംപേഴ്സ് ചെയ്തു തരാൻ കഴിയില്ല എന്നറിയിച്ചു. ഈ തുക റിഇംപേഴ്സ് ചെയ്തു ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം -** തദ്ദേശഭരണസ്ഥാപനങ്ങൾ ഇങ്ങനെ ചെലവഴിച്ചതും ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും റീ ഇംപേഴ്സ് ചെയ്തു തരാത്തതുമായ വിവരങ്ങൾ താഴെ പറയും പ്രകാരം പഞ്ചായത്തു ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ശേഖരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകണം. ഈ വിവരം ക്രോഡീകരിച്ച് ചീഫ് സെക്രട്ടറിക്കു നൽകണം.

**കൊവിഡ് പ്രതിരോധ പരിരക്ഷ പ്രവർത്തനത്തിന് 2020-21 വർഷം തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവഴിച്ച വിഹിതം സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നമ്പർ | ജില്ല | തദ്ദേശഭരണസ്ഥാപനങ്ങളുടെ പേര് | ചെലവഴിച്ച തുക (വിഹിതം) |
|---|---|---|---|
| | | | |

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി/ ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**

**4.4 ആതിരപ്പള്ളി ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.21 ലെ കത്ത് (SRG 708 /21 - CC /518/21)**

*പ്രോ.നം: 101/22* *അടങ്കൽ - 4,00,000/- രൂപ*
*(റ്റി.എസ്.പി - 3,00,000/- രൂപ*
*ഗുണഭോക്തൃ വിഹിതം 1,00,000/- രൂപ)*

*പേര് : വാട്ടർ ടാങ്ക് (എസ്.റ്റി)*

ഗ്രാമപഞ്ചായത്തിലെ 100 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് കൊടുക്കുന്നതിനാണ് പ്രോജക്ട്. മാർഗ്ഗരേഖയിൽ പറയും പ്രകാരം 25 ശതമാനം ഗുണഭോക്തൃ വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ ബുദ്ധിമുട്ടുണ്ട്. അതിനാൽ ഇവർക്ക് ഗുണഭോക്തൃ വിഹിതം ഇല്ലാതെ വാട്ടർ ടാങ്ക് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം -** പട്ടികവർഗ്ഗ വിഭാഗക്കാർക്കായതിനാൽ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.5 മലപ്പുറം ജില്ലാ പഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2021 ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 05.11.2021 ലെ J2-4800/- 15-ാം നമ്പർ കത്തും (SRG 711 /21 - CC /530/21)**

*പ്രോ.നം: 1635/21* *അടങ്കൽ - 15,85,557/- രൂപ*
*(വികസനഫണ്ട് - ജനറൽ)*

*പേര് : വിജയഭേരി പദ്ധതി 2018-19*

എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികളുടെ പരീക്ഷാ പരിശീലനത്തിനായി ജില്ലാ പഞ്ചായത്ത് 2020-21 വർഷം വിജയ ഭേരി എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇതിൽ അദ്ധ്യാപകരുടെ പരിശീലനത്തിന്റെ ഭാഗമായി 6,58,670/- രൂപയുടെ അച്ചടി ജോലികൾ ക്വട്ടേഷൻ വിളിച്ച് ചെയ്തു. ഇ-ടെണ്ടർ മുഖേന ചെയ്യേണ്ട പ്രവർത്തിയാണ് ഇത്. കൊവിഡ് സാഹചര്യത്തിലാണ് ഇപ്രകാരം ചെയ്തതെന്നറിയിച്ചിട്ടുണ്ട്. ഇ-ടെണ്ടറിനു പകരം ക്വട്ടേഷൻ ചെയ്തതിന് സാധൂകരണം നൽകണമെന്നും പ്രിന്റ് ചെയ്തതിന്റെ ബിൽ തുകയായ 6,58,670/- രൂപ പ്രസ്സിനു നൽകാൻ അനുമതി നൽകണമെന്നും സംബന്ധിച്ച്.

**തീരുമാനം -** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)പഞ്ചായത്ത് ഡയറക്ടർ**

**4.6 തീക്കോയി ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2021 ലെ കത്തും തീക്കോയി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.11.2021 ലെ** A1-1055/21 **-ാം നമ്പർ കത്തും.**

*പ്രോ.നം: 11/22* *അടങ്കൽ - 3,00,000/- രൂപ (വികസനഫണ്ട്- ജനറൽ)*

***പേര് : വിവിധ ടൂറിസ്റ്റ് മേഖലകളിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ***

ഗ്രാമപഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ടൂറിസ്റ്റുകൾ വന്നു പോകുന്ന പ്രദേശങ്ങളുണ്ട്. ഇവിടെ മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിന് സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കാനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം -** പ്രദേശവാസികൾ / സ്ഥാപന ഉടമകൾ എന്നിവരുടെ സഹകരണം ഉറപ്പാക്കി മോണിറ്ററിംഗിനായി പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. സി.സി.റ്റി.വികളുടെ ഓപ്പറേഷൻ & മെയിന്റനൻസ് സംബന്ധിച്ച് പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (--------) വകുപ്പ്**

**4.7 ദേവികുളം ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2021 ലെ കത്ത് (SRG 714 /21 -** CC **/562**/21)

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശവും എസ്റ്റേറ്റ് മേഖലയിലാണ്. ആകെയുള്ള 18 വാർഡുകളിൽ 15 വാർഡുകൾ **KDHP** കമ്പനിയുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിലും 2 വാർഡുകൾ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ തോട്ടങ്ങളിലുമാണ്. എസ്റ്റേറ്റ്

മേഖലയിലെ റോഡുകൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്തതിനാൽ ഇവയുടെ നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയ്ക്കായി ധനകാര്യ കമ്മീഷൻ (അടിസ്ഥാന ഗ്രാന്റ്) ഉപയോഗിക്കാൻ കഴിയുന്നില്ല. എസ്റ്റേറ്റ് വക സ്ഥലത്തുള്ള റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ധനകാര്യ കമ്മീഷൻ (അടിസ്ഥാന ഗ്രാന്റ്) ഉപയോഗിക്കാൻ അനുമതി നൽ കണമെന്നതു സംബന്ധിച്ച്.

**തീരുമാനം -** പൊതു ജനങ്ങൾക്ക് ഇത്തരം റോഡുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകാം എന്ന് എസ്റ്റേറ്റ് കമ്പനിയും ഗ്രാമപഞ്ചായത്തും കരാർ വയ്ക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഇങ്ങനെ നിർമ്മാണം / പുനരുദ്ധാരണ പ്രവർത്തി നടത്തുന്നത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന റോഡു തന്നെ യാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പ വരുത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.8 വാമനപുരം ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01.01.2022 ലെ** PLG- **50/2021 -22** DPL/DPO/ **തിരു** CC **നമ്പർ കത്ത് (SRG 2 /22)**

വാമനപുരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നതും വനാതിർത്തി പങ്കിടുന്നതുമായ താഴെപ്പറയുന്ന പഞ്ചായത്തിൽ ഭൂരിപക്ഷം ജനങ്ങളും കാർഷികവൃത്തി ചെയ്തു ഉപജീവനം നടത്തുന്നവരാണ്. ഇവിടെ കാട്ടുപന്നി, കരടി, കുരങ്ങു മുതലായ വന്യമൃഗങ്ങളുടെ ശല്യം ഉണ്ട്. അത് പരിഹരിക്കുന്നതിനായി വാമനപുരം ബ്ലോക്ക് പഞ്ചായത്തും താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് സംയുക്തമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| **ക്രമ നം** | **തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്** | **പ്രോജക്ട് നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക (വികസനഫണ്ട് -ജനറൽ)** |
|---|---|---|---|---|
| 1 | നെല്ലനാട് ഗ്രാമപഞ്ചായത്ത് | 22/22 | സോളാർ ഫെൻസിംഗ് | 7,70,000/- രൂപ |
| 2 | പാങ്ങോട് ഗ്രാമപഞ്ചായത്ത് | 2/22 | വന്യമൃഗങ്ങളിൽ നിന്ന് കാർഷിക വിളകളെ രക്ഷിക്കുന്നതിനായി സൗരവേലി നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് | 11,70,000/- രൂപ |

| | | | | |
|---|---|---|---|---|
| 3 | പെരിങ്ങമല ഗ്രാമപഞ്ചായത്ത് | 6/22 | സോളാർ ഫെൻസിംഗ് | 4,80,000/- രൂപ |
| 4 | വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 80/22 | കൃഷിയിടങ്ങളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം. ഫെൻസിംഗിന് വിഹിതം നൽകൽ | 2,00,000/- രൂപ |

സോളാർ വേലി സ്ഥാപിക്കുന്നതിനുള്ള അംഗീകൃത നിരക്ക് അനർട്ട് ഉൾപ്പെടെയുള്ള ഒരു സ്ഥാപനത്തിലും ലഭ്യമല്ല. കൂടാതെ പ്രസ്തുത പ്രവർത്തിക്ക് ബാധകമായ സബ്സിഡി നിരക്ക് എത്രയാണെന്ന് മാർഗ്ഗരേഖയിലും ഇല്ല. അതിനാൽ ഇതിന്റെ അംഗീകൃത നിരക്കും സബ്സിഡി നിരക്കും അറിയിച്ചു നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം -** ഓരോ വ്യക്തിയുടേയും സ്ഥലത്തിനു പ്രത്യേകമായി സോളാർ ഫെൻസിംഗ് നിർമ്മിക്കാനാണോ, വനാതിർത്തി മൊത്തമായി വേലി നിർമ്മിക്കാനാണോ എന്നു വ്യക്തമാക്കണം. എത്ര കിലോമീറ്ററാണ് ഇങ്ങനെ ഫെൻസിംഗ് നടത്തുന്നത്, ഏതു തരം സോളാർ ഫെൻസിംഗാണ് നടത്തുന്നത്, ഇതടക്കമുള്ള വിശദാംശം സഹിതം നൽകണം. ഇതു സംബന്ധിച്ച റിപ്പോർട്ട് ജില്ലാ പ്ലാനിംഗ് ഓഫീസർ നൽകുന്ന മുറയ്ക്ക് നിരക്ക് നിശ്ചയിച്ചു നൽകാൻ വനം വകുപ്പ് / അനെർട്ടിനു നൽകാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.9 തിരുവനന്തപുരം നഗരസഭ**

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2021, 01.01.2022 എന്നീ തീയതികളിലെ കത്തുകൾ (SRG 704 /21 - CC /547/21)**

*1) പ്രോ.നം:70/21* ***അടങ്കൽ - 4,34,000/- രൂപ (വികസനഫണ്ട് – ജനറൽ)***

***പേര് : ആയുർ സാഗരം***

മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സമയത്ത് പ്രതികൂല സാഹചര്യങ്ങൾ കൊണ്ടുണ്ടാകാവുന്ന ക്ഷതങ്ങൾക്കുള്ള പഞ്ചകർമ്മ/ മർമ്മ തെറാപ്പി ചികിത്സയും ആരോഗ്യപരിപാലനത്തിനും വേണ്ടിയുള്ള പ്രോജക്ടാണ്. മത്സ്യതൊഴിലാളികളുടെ തൊഴിൽ സമയത്തെ ബാധിക്കാതെ പ്രോജക്ട നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി തെറാപ്പിസ്റ്റിനെ നിയമിക്കാനുള്ളതാണ് പ്രോജക്ട്. കഴിഞ്ഞവർഷം നടപ്പാക്കിയ ഈ പ്രോജക്ട് ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം -** നിയമനം സംബന്ധിച്ച് നിലവിലെ മാനദണ്ഡം പ്രകാരം തെറാപ്പിസ്റ്റിനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന നിർദ്ദേശത്തോടെ അനുമതി നൽകുന്നു. ഈ സേവനം സർക്കാർ ആയുർവേദ ആശുപത്രി യുമായി ചേർന്നു വേണം നൽകേണ്ടത്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

*2) പ്രോ.നം:73/22* *അടങ്കൽ - 11,76,040/- രൂപ (വികസനഫണ്ട്)*

***പേര് : സാർക്ക് മൊബൈൽ***

നഗരസഭാ പരിധിയിലുള്ള സ്പോർട്സ് ഹോസ്റ്റലുകളിലേയും, ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെയും സ്പോർട്സിൽ ആക്ടീവായ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന പരുക്കുകൾക്ക് ചികിത്സ നൽകുന്നതിന് മൊബൈൽ ചികിത്സാ സംവിധാനമാണ് സാർക്ക് മൊബൈൽ എന്ന പ്രോജക്റ്റ്. ഇതിനായി ഒരു സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസറെ നിയമിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം: -** യോഗ്യതയുള്ള സ്പോർട്സ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഡോക്ടർമാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.10 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 29.12.2021 ലെ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 19.11.2021 ലെ 4(18)-ാം നമ്പർ തീരുമാനവും (SRG 892 /21)**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഡയാലിസിസിന് ധനസഹായം 2019-20 മുതൽ നൽകുന്നുണ്ട്. ആശ്വാസ് എന്ന പേരിലിൽ ഒരു മാസം 4500/- രൂപ വീതം ബന്ധപ്പെട്ട ആശുപത്രിക്കാണ് നൽകുന്നത്. ഈ നിരക്കിൽ തന്നെ തുടർന്നും നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം: -** മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിൽ നൽകുന്നതു പോലെ പ്രതിമാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രി മുഖേന നൽകാൻ അനുമതി നൽകുന്നു. ധനസഹായം നൽകുന്നതിന് എസ്.സി, എസ്.റ്റി, ബി.പി.എൽ മത്സ്യതൊഴിലാളി കുടുംബത്തിനു മുൻഗണന നൽകേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

### 4.11 കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

**കാറഡുക്ക ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റിന്റെ 24.11.2021 ലെ കത്ത് (SRG 11 /22)**

*പ്രോ.നം: 53/22* *അടങ്കൽ - 12,00,000/- രൂപ*

*(മെയിന്റൻസ് ഗ്രാന്റ് – നോൺ റോഡ്)*

***പേര് : ഡയാലിസിസ് യൂണിറ്റ് - സി.എച്ച്.സി മൂളിയാർ***

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മൂളിയാർ സി.എച്ച്.സി യിൽ ഒരു ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നിനുള്ള പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായി ബ്ലോക്ക് പഞ്ചായത്ത് 12.00 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകൾ 2.00 ലക്ഷം രൂപയും വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ തുക സി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർക്ക് കൈമാറി യൂണിറ്റിന്റെ പ്രവർത്തനം മുടക്കം കൂടാതെ മുന്നോട്ടു കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നു. ഇതിനായി ബ്ലോക്കു പഞ്ചായത്തിന്റെ പരിധിയിലുള്ള 7 ഗ്രാമപഞ്ചായത്തുകളുടെ വിഹിതം സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് കൈമാറാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം: -** 1) ഇതു സംബന്ധിച്ച് ധനവകുപ്പ ഇറക്കിയിരിക്കുന്ന മാനദണ്ഡ പ്രകാരം തുക കൈമാറി ചെലവഴിക്കാൻ അനുമതി നൽകുന്നു.

2) ബ്ലോക്ക് പഞ്ചായത്തിന്റെ നോൺ റോഡ് മെയിന്റനൻസ് വിഹിതം സി.എച്ച്.സി ക്ക് ആവശ്യമായ ഉപകരണങ്ങൾ/ സാമഗ്രികൾ, കെട്ടിടത്തിലെ അറ്റകുറ്റപ്പണി തുടങ്ങിയവക്കേ ഉപയോഗിക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

### 4.12 തെങ്കര ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2021 ലെ കത്തും തെങ്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.11. 2021 ലെ 11(2)-ാം നമ്പർ തീരുമാനവും (SRG 5 /22- CC /688/21)**

*പ്രോ.നം: 235/22* *അടങ്കൽ - 30,00,000/- രൂപ*

*(സി.എഫ്.സി ബെയ്സിക് ഗ്രാന്റ്)*

***പേര് : പി.എച്ച്.സി കെട്ടിടത്തിന് വിഹിതം നൽകൽ***

തെങ്കര ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നു. ഇതിനായി ആകെ ചെലവ് 140.89 ലക്ഷം രൂപയാകും. ഇതിനായി 110.89 ലക്ഷം രൂപ **NHM** അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 30.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. ഈ തുകകൂടി **NHM**- ന് കൈമാറി പ്രവർത്തി **NHM** മുഖേന നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ധനകാര്യവകുപ്പിന്റെ പ്രതിനിധി അറിയിച്ചതിന്റെ അടിസ്ഥാന ത്തിൽ ധനകാര്യ വകുപ്പിന്റെ സമ്മതം നേടാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.13 തുറവൂർ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.12.2021 ലെ കത്തുകളം (2 എണ്ണം) അങ്കമാലി ബ്ലോക്ക പഞ്ചായത്ത് സെക്രട്ടറിയുടെ 10.11.2021 ലെ ബി-66/21-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 6 /22 - CC /497/21 കത്തും)**

*പ്രോ.നം: 168/22*

*അടങ്കൽ - 8,50,000/- രൂപ*
*(ബ്ലോക്ക പഞ്ചായത്ത് വിഹിതം - 8,00,000/- രൂപ*
*തനത് ഫണ്ട് - 50,000/-)*

***പേര് : ആംബുലൻസ് വാങ്ങൽ***

തുറവൂർ ഗ്രാമപഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അംബുലൻസ് വാങ്ങാൻ ഉദ്ദേശിക്കുന്നു. പ്രധാന വിഹിതം ബ്ലോക്ക് പഞ്ചായത്തിന്റേതാണ്. ആംബുലൻസ് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം: -** അനുമതി നൽകുന്നു. ഇതിന്റെ ആവർത്തന ചെലവ് (ഇന്ധനം, ഡ്രൈവറുടെ വേതനം, മെയിന്റനൻസ്) തുടങ്ങിയവ പി.എച്ച്.സി / എച്ച്. എം.സി യുടെ സ്വന്തം വരുമാനത്തിൽ നി ന്നു വഹിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.14 പുതുക്കോട് ഗ്രാമപഞ്ചായത്ത്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് പ്രോജക്ട് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. അഞ്ച് ഗുണഭോക്താക്കളെ കണ്ടെത്തുകയും അവർക്ക് വിവാഹ സഹായമായി 75,000/- രൂപ വീതം നൽകുകയും ചെയ്തു. എന്നാൽ അബദ്ധവശാൽ അർഹതയില്ലാത്ത ഒരു കുടുംബത്തിനും ധനസഹായം നൽകി. പിന്നീട് ഈ തുക ഗ്രാമപഞ്ചായത്തിൽ തിരികെ അടച്ചു. ഈ തുക പട്ടികജാതി വിഭാഗത്തിൽ തന്നെയുള്ള അർഹതയുള്ള മറ്റൊരു ഗുണഭോക്താവിനു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു. പട്ടികജാതി വകുപ്പ് നൽകുന്ന സഹായത്തിന്റെ ഡ്യൂപ്ലിക്കേഷൻ ആകാൻ പാടില്ല എന്ന് ഉറപ്പു വരുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (--------) വകുപ്പ്**

**4.15 ആയുഷ് മിഷൻ**

**ദേശീയ ആയുഷ് മിഷൻ സ്റ്റേറ്റ് ഡയറക്ടറുടെ 03.09.2021 ലെ** NAM/ADMIN/1143/2019/ SPMSU **നമ്പർ കത്ത്. (SRG 732 /19 – LSGD – DB2/159/2021 – LSGD**)

കേന്ദ്രസർക്കാർ ദേശീയ ആയുഷ് മിഷനിലൂടെ 12,500 **Ayush Health Welfare Centre (HWC)** സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിൽ 600 **(HWC)** സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളാണ് **Ayush HWC** ആയി മാറ്റുന്നത്. ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനം അതുവഴി സുഖ പ്രസവം, കുട്ടികളുടെ ആരോഗ്യം, വൃദ്ധരുടെ പരിപാലനം (ആരോഗ്യമുള്ള വാർദ്ധക്യം) ഇവയാണ് പ്രധാന ലക്ഷ്യങ്ങളായി ചൂണ്ടികാണിച്ചിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപന ങ്ങൾ മുഖേനയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്. സാമ്പത്തിക സഹായവും മനുഷ്യ വിഭവവും കേന്ദ്രസർക്കാർ നൽകും. ഈ പദ്ധതിയിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം: -** തദ്ദേശഭരണസ്ഥാപനങ്ങൾ ഇതിനാവശ്യമായ പങ്കാളിത്തം ഉറപ്പാക്കണമെന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.16** The Regional Agro Industrial Development Co-operative of Kerala Ltd. (RAIDCO)

**റെയ്ഡ്കോ ചെയർമാന്റെ 02.06.2021 ലെ** CM/01/2021-22 **നമ്പർ കത്ത് (SRG 9/2022- DB4/117/2021-LSGD**)

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് 2.41 കോടി രൂപയുടെ പ്രവർത്തികൾ **KSEB** 19.02.2019 ൽ റെയ്ഡ്കോയെ ഏല്പിച്ചിരുന്നു. ജില്ലാ പഞ്ചായത്ത് **KSEB** യെ ഏല്പിച്ച പ്രവർത്തിയാണ് ഇത്. കരാർ പ്രകാരമുള്ള കാലപരിധിക്കകം തീർക്കാൻ കഴിയാത്ത തിനാൽ മൂന്നുമാസത്തെ അധികസമയം റെയ്ഡ്കോ ചോദിച്ചുവെങ്കിലും **KSEB** സമയം നീട്ടി നൽകിയില്ല. തുടർന്ന് **KSEB** വർക്ക് ഓർഡർ ടെർമിനേറ്റ് ചെയ്തു. ഇതിന്റെ ഫലമായി പെർഫോർമൻസ് ഗ്യാരന്റിയായി കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് അനുവദിച്ച തന്ന 24.16 ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റി പലിശ സഹിതം ഈടാക്കുന്നതിന് **KSEB** സംസ്ഥാന സഹകരണ ബാങ്ക്, കണ്ണൂർ ശാഖയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ പിഴ ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് RAIDCO തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് കത്ത് നൽകി. അനുമതിക്കായി ഇത് ജില്ലാ പഞ്ചായത്ത് തദ്ദേശസ്വയം ഭരണ വകുപ്പിനു നൽകിയിരിക്കുകയാണ്. RAIDCO സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ സമയത്ത് ബാങ്ക് ഗ്യാരണ്ടി തുക ഈടാക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം: -** ആവശ്യം കോർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതി ല്ലെന്നു തീരുമാനിച്ചു. ഇതിന്മേൽ **KSEB** യും ജില്ലാ പഞ്ചായത്തും ചേർന്ന് ഉചിതമായ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.17 **ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.12.2021 ലെ കത്തും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചാത്ത് സെക്രട്ടറിയുടെ 10.11.2021 ലെ** C-39/2021 **ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന** KWA **എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്റ്റേറ്റ്മെന്റും**

*1) **പ്രോ.നം:187/21*** ***അടങ്കൽ - 13,74,000/- രൂപ (എസ്.സി.പി)***

***പേര് : തെളിനീർ പട്ടികജാതി വീടുകളിലേക്ക് കുടിവെള്ള പദ്ധതി – കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്***

*2) **പ്രോ.നം:195/21*** ***അടങ്കൽ - 7,37,000/- രൂപ (എസ്.സി.പി)***

***പേര് : തെളിനീർ - വിവിധ പട്ടികജാതി കോളിനികളിൽ കുടിവെള്ളമെത്തിക്കൽ***

മുകളിൽ പറഞ്ഞ പ്രോജക്ടുകളിൽ പറയുന്ന തുക **KWA** യുടെ എസ്റ്റിമേറ്റ പ്രകാരം തയ്യാറാക്കിയതാണ്. ഇത് **KWA** യിൽ ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ എസ്റ്റിമേറ്റ് നിരക്കിൽ മാറ്റം വന്നതിനാൽ അധിക തുക അടയ്ക്കാൻ **KWA** ആവശ്യപ്പെട്ടിട്ടുണ്ട്. പ്രോനം. 187/21 ന് 6,41,000/- രൂപയും പ്രോ.നം. 195/21 ന് 4,13000/- രൂപയും ആണ് അധികമായി അടയ്ക്കേണ്ടത്.

2019-20, 2020-21 വർഷങ്ങളിൽ വിവിധ പ്രവർത്തികൾക്കായി (10 പ്രവർത്തികൾ) **KWA** – ക്ക് തുക ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഇവ പൂർത്തീകരിച്ചു. ഈ 10 പ്രവൃത്തികളിൽ നിന്ന് മിച്ചമായി 15,29,994/- രൂപയുണ്ട്. ബാക്കി വന്ന ഈ തുകയിൽ നിന്ന് മുകളിൽ പറഞ്ഞ തുക അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** തുക ഡെപ്പോസിറ്റ് ചെയ്തത് KWA – നൽകിയ എസ്റ്റിമേറ്റ പ്രകാരമാണോ എന്നു വ്യക്തമാക്കണം. KWA യും ബ്ലോക്കു പഞ്ചായത്തും തമ്മിൽ കരാറിലേർപ്പെട്ടിരുന്നോ എന്നും എന്തു കൊണ്ടാണ് അധിക തുക ചോദിക്കുന്നതെന്നും വ്യക്തമാക്കി നൽകണം. ഒപ്പം ഈ പ്രവൃത്തി ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാനുള്ള സാധ്യതയും പരിശോധിക്കണം. ഇവയൊക്കെ വ്യക്തമാക്കി നൽകുന്ന മുറയ്ക്ക് പരിഗണിക്കുന്ന താണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.18 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.11.2021 ലെ കത്തും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.10.2021 ലെ 2(3)-ാം നമ്പർ തീരുമാനം (SRG 722/21 – CC /524/21)**

***പ്രോ.നം: 5/22*** ***അടങ്കൽ - 8,29,880/- രൂപ***

***(വികസനഫണ്ട് –എസ്.സി.പി)***

***പേര് : പട്ടികജാതി കോളനികളിൽ സായാഹ്ന പഠന കേന്ദ്രം***

പട്ടികജാതി കോളിനികളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തു ന്നതിനു വേണ്ടിയാണ് പ്രോജക്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പത്തോ അതിൽ കൂടുതലോ വിദ്യാർത്ഥികളുള്ള 32 പട്ടികജാതി കോളിനികളിൽ പരിശീലനം ലഭിച്ച ട്യൂട്ടർമാരുടെ സഹായത്തോടെ പഠനാനുബന്ധ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യം. ഒരു ട്യൂട്ടർക്ക് പ്രതിമാസം 5000/- രൂപ ഓണറേറിയം നൽകുന്നു. ഇതിനായി ആകെ 7,68,000/- രൂപ ചെലവഴിക്കുന്നു. 61,880/- രൂപ കലാ സംസ്കാരിക പരിപാടികൾക്കായി മാറ്റി വയ്ക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു. എവിടെ വച്ചാണ് പരിശീലനം നൽകുന്നതെന്ന് പ്രോജക്ടിൽ വ്യക്തമാക്കണം. എസ്.സി കോളനികളിൽ വച്ച് തന്നെയാണ് പരിശീലനം നൽകുന്ന തെങ്കിൽ വൈദഗ്ധ്യമുള്ള എസ്.സി വിഭാഗത്തിലെ ട്യൂട്ടർമാർ ഉണ്ടെങ്കിൽ അവരെയും പരിഗണിക്കേണ്ടതാണ്. ഗുണപര മായ പരിശീലനമാണ് നൽകുന്നതെന്ന് ഉറപ്പാക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.19 മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.11.2021 ലെ കത്തും മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16.11.2021 ലെ** B-54 / 2021-**ാം നമ്പർ കത്തും** (SRG 759/21 – CC /582/21)

മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ നിന്നും ഒരു ഡോക്ടറുടേയും 2 സ്റ്റാഫ് നേഴ്സുമാരേയും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റു ആശുപത്രിയിലേക്ക് മാറ്റി നിയമിച്ചു. ഈ സാഹചര്യത്തിൽ 1 ഡോക്ടർ, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ, 2 ക്ലീനിംഗ് സ്റ്റാഫ് എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്താനും ഇവർക്കുള്ള വേതനം വികസന ഫണ്ട് / തനത് ഫണ്ടിൽ നിന്നും നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു. ആരോഗ്യ വകുപ്പ് ഉചിത നടപടി സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.20 ഇടുക്കി ജില്ലാ പഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.11.2021 ലെ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 24.09.2021 ലെ 3(1)ാം നമ്പർ തീരുമാനവും (SRG 774/21 – CC /581/21)**

പീരുമേട് വണ്ടിപ്പെരിയാർ, മൂന്നാർ, ദേവികുളം തുടങ്ങിയ എസ്റ്റേറ്റ് മേഖലകളിൽ ജനങ്ങൾ ഉപയോഗിക്കുന്ന പൊതു റോഡുകൾ ധാരാളം ഉണ്ട്. തോട്ടം മേഖലയിലെ മിക്ക റോഡുകളും 6 മീറ്ററിൽ താഴെയാണ്. ഈ റോഡുകളുടെ അറ്റകുറ്റപ്പണി ഏറ്റെടുത്ത് നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:--** അനുമതി നിരസിച്ചു. 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകൾ ജില്ല പഞ്ചായത്ത് നേരിട്ട് ഏറ്റെടുക്കേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു. എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറി റോഡ് നിർമ്മാണം/അറ്റകുറ്റപ്പണി നടത്താവുന്നതാണ്. ഈ എസ്റ്റേറ്റ് റോഡുകൾ പൊതുജനങ്ങളുടെ ആവശ്യത്തിന് തുറന്നു നൽകും എന്ന് തദ്ദേശഭരണ സ്ഥാപനവും എസ്റ്റേറ്റ് ഉടമകളുമായി കരാർ വയ്ക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.21 പട്ടണക്കാട് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2021 ലെ കത്തും പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.11.2021 ലെ C3 – 123/21-ാം നമ്പർ കത്തും. (SRG 796/21 – CC /575/21)**

***പ്രോ.നം:* 213/22**

***അടങ്കൽ - 2,00,000/- രൂപ***
***(തനതു ഫണ്ട് – 1,42,066/- രൂപ***
***വികസനഫണ്ട് – 57,934/- രൂപ)***

***പേര് : ഉദയ വോളി ഗ്രൗണ്ടിന് ലൈറ്റ് സ്ഥാപിക്കൽ - വാർഡ് 13***

ഗ്രാമപഞ്ചായത്തിൽ പതിമൂന്നാം വാർഡിലെ സ്വകാര്യ ക്ലബ്ബിന്റെ വക ഉദയ വോളി ഗ്രൗണ്ടിന് ലൈറ്റ് സ്ഥാപിക്കാനാണ് പ്രോജക്ട്. എഴുപത്തി അഞ്ചു വർഷത്തോളം പഴക്കമുള്ള ഈ ക്ലബ്ബിലെ പലരും പ്രശസ്തരും അവരിൽ പലർക്കും കളിക്കാരെന്ന നിലയിൽ സർക്കാർ സ്ഥാപനങ്ങളിൽ ജോലിയും ലഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഇവിടെ പരിശീലനം നൽകുന്നുണ്ട്. ഇവിടെ ലൈറ്റ് സ്ഥാപിക്കാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ക്ലബ്ബ് ആയതിനാലും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടും എന്നതുകൂടി പരിഗണിച്ച് വൈദ്യുതി ചാർജ്ജ് ക്ലബ്ബ് വഹിക്കണമെന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.22 മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2021 ലെ കത്ത്** (SRG 798/21 – CC /590/21)

ഗ്രാമപഞ്ചായത്തു വക ശ്മശാനത്തിൽ ഗ്യാസിഫയർ സ്ഥാപിക്കുന്നതിനായി 2013-14 ൽ ഒരു പ്രോജക്ട് ഏറ്റെടുത്തിരുന്നു. ക്രിമിറ്റോറിയം കെട്ടിടം, ഗ്യാസ് ചൂള പ്രവർത്തിപ്പിക്കാനുള്ള അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെ ടെണ്ടർ നടപടിയിലൂടെ കോസ്റ്റ് ഫോർഡിനെയാണ് ഏല്പിച്ചത്. ആകെ എസ്റ്റിമേറ്റ് തുക 39,55,000/- രൂപ. നിർമ്മാണ പുരോഗതിയനുസരിച്ച് മൂന്നു ഗഡുക്കളായി 22,82,000/- രൂപ കോസ്റ്റ് ഫോർഡിന് നൽകി. കെട്ടിടംപണി 90 ശതമാനം പൂർത്തീകരിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നവീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ പുതുക്കണമെന്നും പുതുക്കിയ എസ്റ്റിമേറ്റ് 55,80,000/- രൂപയാണെന്നും കോസ്റ്റ് ഫോർഡ് അറിയിച്ചിട്ടുണ്ട്. സ്പിൽ ഓവറായി ഇപ്പോൾ ഈ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. കോസ്റ്റ് ഫോർഡിനു നൽകിയ തുക കുറച്ച് പുതുക്കിയ എസ്റ്റിമേറ്റ പ്രകാരം ബാക്കി തുകയായ 32,98,000/- രൂപ കൂടി ഉൾപ്പെടുത്തി പ്രോജക്ട് സ്പിൽ ഓവറായി എടുക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്. ഇതിനായി സി.എഫ്.സി റ്റൈഡ് ഗ്രാന്റ് ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം: -** ഏഴു വർഷത്തിലധികം കാലതാമസമുണ്ടായിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. എഗ്രിമെന്റ് കാലാവധി, ഇതുവരെ നടന്ന നിർമ്മാണ പ്രവർത്തികൾ, അവ ഏത് വർഷമാണ് നടത്തിയത് തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടി ന്റെ അടിസ്ഥാനത്തിൽ പിന്നീട്ടു പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

### 4.23 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2021 ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 18.11.21 ലെ** D-1320/21-ാം **നമ്പർ കത്തും ബ്ലോക്കു പഞ്ചായത്തിന്റെ 07.09.21 ലെ 2(7)-ാം നമ്പർ ഭരണസമിതി തീരുമാനവും** (SRG 799/21 – CC /596/21)

***പ്രോ.നം:** 77/22* ***അടങ്കൽ - 27,03,329/- രൂപ***

***(മെയിന്റനൻസ് ഗ്രാന്റ് –നോൺ റോഡ്)***

***പേര് : പട്ടികജാതി വികസന ഓഫീസ് കെട്ടിടം പുനരുദ്ധാരണ പ്രവൃത്തികൾ***

പട്ടികജാതി വികസന ഓഫീസ് കെട്ടിടം 59 വർഷത്തെ പഴക്കമുള്ളതാണെന്നും ജീർണ്ണാവസ്ഥയിലുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടം പൊളിച്ചു മാറ്റി പുതിയ

കെട്ടിടം നിർമ്മിക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കെട്ടിടം പുനരുദ്ധാരണം എന്നാണ് പ്രോജക്ടിന്റെ പേര് എങ്കിലും പുതിയ കെട്ടിടമാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു. പുതിയ കെട്ടിടം പണിയുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിക്കാവുന്നതല്ല. അനുവദനീയമായ മറ്റു വിഹിതം ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.24 താമരശ്ശേരി ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.12.2021 ലെ കത്തും താമരശ്ശേരി ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 08.11.2021 ലെ** B2 – 9631/2021-ാം **നമ്പർ കത്തും** (SRG 804/21 – CC /542/21)

***പ്രോ.നം:* 239/22** ***അടങ്കൽ - 10,00,000/- രൂപ (തനത് ഫണ്ട്)***

***പേര് : പഴയ സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സിൽ ഡിജിറ്റൽ ലേണിംഗ് സ്പേസ്***

ഗ്രാമപഞ്ചായത്തിലെ പഴയ ബസ് സ്റ്റാന്റ് കോംപ്ലക്സിൽ ഐ.ടി, ഡിജിറ്റൽ സ്കിൽസ്, റിമോർട്ട് വർക്ക് എന്നീ മേഖലകളിൽ തൊഴിലുകളിൽ ഏർപ്പെട്ടു വരുമാനം നേടുന്നതിനായി യുവജനങ്ങൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനായുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു. ആദ്യഘട്ട ചെലവ് 15.30 ലക്ഷം രൂപയാണെന്നാണ് എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നത്. ഇതനുസരിച്ച് പ്രോജക്ടു നടപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നു. ഈ സെന്ററിന്റെ നടത്തിപ്പ് സംബന്ധിച്ച് വ്യക്തമായ രൂപരേഖയ തയ്യാറാക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.25 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2021 ലെ കത്ത്** (SRG 807/21 – CC /635/21)

***പ്രോ.നം:* 10/22** ***അടങ്കൽ - 12,00,000/- രൂപ (വികസന ഫണ്ട്- ജനറൽ)***

***പേര് : പാടശേഖരങ്ങൾക്ക് ആക്സിൽ ഫ്ലോ പമ്പ്***

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വാഴപ്പള്ളി, വാകത്താനം ഗ്രാമപഞ്ചായത്തുകളിലെ പാടശേഖരങ്ങളിൽ പെട്ടി പറയ്ക്ക് പകരം ആക്സിൽ ഫ്ലോപമ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.26 ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2021 ലെ കത്തും ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 12.11.2021 ലെ** SC1-593/21-ാം **നമ്പർ കത്തും** (SRG 811/21 – CC /594/21)

*പ്രോ.നം:* 12/22 ***അടങ്കൽ - 11,25,000/- രൂപ (എസ്.സി.പി)***

***പേര് : പട്ടികജാതി വിവാഹ ധനസഹായം***

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. ബാലൻ, പുളിയാൽ മീത്തൻ എന്ന ആളുടെ മകളായ ശ്രീമതി. ഷീബ എം.വിയുടെ വിവാഹ ധനസഹായത്തിന് അപേക്ഷ നൽകിയിരുന്നു. അപേക്ഷയോടൊപ്പം നൽകിയ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം വാർഷിക വരുമാനം 36,000/- രൂപയാണ്. എന്നാൽ വിവാഹ സമയത്ത് ശ്രീമതി ഷീബ എം.വിക്ക് (വധു) സർക്കാർ സർവ്വീസിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായി ജോലി ഉണ്ടായിരുന്നു. അപേക്ഷൻ അർബുദരോഗിയാണ് എന്നതിനാൽ വരുമാന പരിധി പരിഗണിക്കാതെ ഇവർക്ക് വിവാഹ ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.27 കൊടുവള്ളി മുനിസിപ്പാലിറ്റി**

**കോഴിക്കോട്ടു ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2021 ലെ കത്ത്** (SRG 812/21 – CC /600/2021)

*പ്രോ.നം:* 433/21 ***അടങ്കൽ - 10,00,000/- രൂപ (സി.എഫ്.സി റ്റൈഡ് ഗ്രാന്റ്)***

***പേര് : മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ***

നഗരസഭയിൽ ശുചീകരണ – മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി പ്രത്യേകം രൂപ കൽപ്പന ചെയ്ത വാഹനം വാങ്ങുന്നതിനായി അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** പ്രത്യേകം രൂപകല്പന ചെയ്ത വാഹനമാകണം എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.28 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്**

**പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.11.2021 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021 ൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സും (ഖണ്ഡിക 4.32)**

***പ്രോ.നം:*** 74/22

***അടങ്കൽ - 10,00,000/- രൂപ***

***(സി.എഫ്.സി ബെയിസിക് ഗ്രാന്റ് – 5,00,000/- രൂപ***

***തനത് ഫണ്ട് – 5,00,000/- )***

***പേര് : മാറഞ്ചേരി ഡയാലിസിസ് യൂണിറ്റിന്റെ മാനേജ്മെന്റ് കമ്മിറ്റിക്ക് സർക്കാർ അനുമതിയോടെ തുക കൈമാറൽ.***

മാറഞ്ചേരി പി.എച്ച്.സിയിൽ ഡയാലിസിസിന് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് 10.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 5 ഗ്രാമപഞ്ചായത്തുകൾ 5.00 ലക്ഷം രൂപ വീതം വകയിരുത്തിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ ഇങ്ങനെ വകയിരുത്തിയിരിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ മാറഞ്ചേരി റീനൽ ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ഡിപ്പോസിറ്റ് ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഇത് 18.12.2021 ലെ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചു വെങ്കിലും മാറഞ്ചേരി പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് ഡിപ്പോസിറ്റ് ചെയ്യാനാണ് അനുമതി നൽകിയത്.

സെന്ററിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് മാറഞ്ചേരി പി.എച്ച്.സി മെഡിക്കൽ ഓഫീസർക്കു പകരം പെരുമ്പടപ്പ് ബ്ലോക്ക് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കാനും സി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തം ഉള്ളതാകയാൽ ഗ്രാമപഞ്ചായത്തിന്റെ കൂടി അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. തുക കൈമാറുന്നതു സംബന്ധിച്ച് ധനവകുപ്പിന്റെ ഉത്തരവിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

4.29 **മുക്കം മുനിസിപ്പാലിറ്റി**

**മുക്കം മുനിസിപ്പൽ സെക്രട്ടറിയുടെ 04.01.2022 ലെ കത്ത്** (SRG 34/2022

*പ്രോ.നം:* 15/22 *അടങ്കൽ - 80,000/- രൂപ*

*(തനത് ഫണ്ട് – 50,000/- രൂപ*

*ഗുണഭോക്തൃ വിഹിതം 30,000/- രൂപ)*

*പേര് : ജൈവ കീടനാശിനി*

പച്ചക്കറി കൃഷിക്കാവശ്യമായ ജൈവ കീടനാശിനി വിതരണം ചെയ്യുന്നതിന് വാർഷിക പദ്ധതിയിൽ പ്രോജക്റ്റ് ഉണ്ട്. ഇതേ പ്രോജക്റ്റിൽ ഉൾപ്പെടുത്തി കാട്ടുപന്നിയെ അകറ്റുന്നതിന് ബോറപ്പ് നൽകുന്നതിനു കൂടി **(100** ശതമാനം സബ്സിഡിയോടെ) അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം: -** 75 ശതമാനം സബ്സിഡിയോടെ ഇതു നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

4.30 **ചേർപ്പ ഗ്രാമപഞ്ചായതത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.12.2021 ലെ കത്ത്** (SRG 814/2021 – CC /634/2021)

*പ്രോ.നം:* 16/22 *അടങ്കൽ - 11,17,160/- രൂപ*

*(എസ്.സി.പി – 10,89,160/- രൂപ*

*തനത് ഫണ്ട് – 28,000/- രൂപ )*

*പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്*

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്റ്റോപ് നൽകുന്ന പ്രോജക്റ്റിൽ താഴെ പറയുന്ന രണ്ടുപേർ ലാപ് ടോപിനായി അപേക്ഷ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര്, വിലാസം | പഠിക്കുന്ന കോഴ്സ്, സ്ഥാപനം |
|---|---|---|
| 1 | ജിതിൻ. പി<br>S/o ദാസൻ, പാലയ്ക്കൽ വീട് | ടെക്നീഷ്യൻ, മെഡിക്കൽ ഇലക്ട്രോണിക്സ്<br>(Govt. ITI, ചാലക്കുടി) |
| 2 | സാന്ദ്ര. റ്റി.എസ്.<br>D/o സന്തോഷ്. റ്റി.കെ<br>തച്ചാട് വീട് | ഡിപ്ലോമ ഇൻ ഒപ് ടോമെട്രി<br>(റെയ്ഹാൻ ഐ ഹോസ്പിറ്റൽ, തൃപ്രയാർ) |

മാർഗ്ഗരേഖയിൽ മുകളിൽ പറഞ്ഞ കോഴ്സുകൾ എടുത്തു പറയുന്നില്ല എന്നതിനാൽ ഇവർക്കു കൂടി ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.31. കല്ലറ ഗ്രാമ പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.12.2021 ലെ കത്ത്** (SRG 808/21 – CC /632/21)

*പ്രോ.നം:* 161/22 — ***അടങ്കൽ - 7,84,200/- രൂപ***
*(CFC Tied Grant)*

***പേര് : മാലിന്യമുക്ത കല്ലറ – സർവ്വൈലൻസ് ക്യാമറ സ്ഥാപിക്കൽ***

കല്ലറ ഗ്രാമപഞ്ചായത്തിലെ കല്ലറ – വെച്ചൂർ റോഡും, കല്ലറ – ഏറ്റുമാനൂർ റോഡും നെൽപാടത്തിന്റെ മധ്യേകൂടി പോകുന്നതാണ്. ഇവിടെ കക്കൂസ് മാലിന്യങ്ങളും മറ്റ ഖരമാലിന്യങ്ങളും തള്ളുന്നത് പതിവാണ്. ഇത തടയുന്നതിനായി ഇവിടെ CCTV ക്യാമറ സ്ഥാപിക്കാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** മോണിറ്ററിംഗിന് പോലീസ് സ്റ്റേഷനെ കൂടി ബന്ധിപ്പിക്കണമെന്നും സാധ്യമായ സ്ഥലങ്ങളിൽ തദ്ദേശവാസികൾ/ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണം ഉറപ്പാക്കണമെന്നുമുള്ള നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.32. നെൻമണിക്കര ഗ്രാമ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.12.2021 ലെ കത്തും നെൻമണിക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 17.09.2021 ലെ 1(3)-ാം നമ്പർ തീരുമാനവും.**

(SRG 817/21 – CC /557/2021)

*പ്രോ.നം:* 180/22 — ***അടങ്കൽ - 1,50,000/- രൂപ***
***(തനത് ഫണ്ട്)***

***പേര് : വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം (ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക്)***

ഡയാലിസിസ് ആവശ്യമുള്ള രോഗികൾക്ക് ധനസഹായം നൽകാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഡയാലിസിസ് നടത്തുന്ന രോഗികൾക്ക് ബന്ധപ്പെട്ട ആശുപത്രിയിലേക്ക് ധനസഹായം നൽകുന്നതിനു പകരം രോഗികൾക്ക് നേരിട്ട് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** 1. ധനസഹായ തുക ആശുപത്രി മുഖേന തന്നെ നൽകണമെന്ന് നിർദ്ദേശിക്കുന്നു. പ്രതിമാസം പരമാവധി 4000/- രൂപ നിരക്കിൽ SC, ST, BPL, മത്സ്യ തൊഴിലാളി കുടുംബം എന്നിവർക്കു മുൻഗണന നൽകി വേണം പ്രോജക് നടപ്പാക്കാൻ.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.33. അരിമ്പൂർ ഗ്രാമ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.12.2021 ലെ കത്ത്** (SRG 820/21 – CC /537/2021)

*പ്രോ.നം.* 133/22 — *അടങ്കൽ - 3,50,000/- രൂപ*

*(CFC Basic Grant – 3,33,000/- രൂപ*
*തനത് ഫണ്ട് - 17,000/- രൂപ)*

***പേര് : പഞ്ചായത്തിന്റെ പ്രവേശന കവാടങ്ങളിൽ CCTV ക്യാമറ സ്ഥാപിക്കൽ***

ഗ്രാമപഞ്ചായത്തിന്റെ പ്രവേശന കവാടങ്ങളിൽ CCTV ക്യാമറ സ്ഥാപിക്കാനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.34. പന്തളം ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.12.2021 ലെ കത്തും പന്തളം ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 25.11.2021 ലെ 2(7) –ാം നമ്പർ തീരുമാനം.** (SRG 824/21 – CC /658/21)

*പ്രോ.നം.* 128/22 — *അടങ്കൽ - 70,000/- രൂപ*

*(തനത് ഫണ്ട്)*

***പേര് : പള്ളിയോടങ്ങൾക്ക് ഗ്രാന്റ്***

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 പള്ളിയോടങ്ങൾക്ക് 10,000/- രൂപ വീതം ഗ്രാന്റ് നൽകാനുള്ള (ആകെ 70,000/- രൂപ) പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ഈ പള്ളിയോടങ്ങൾക്ക് ഈ വർഷം ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.35. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2021 ലെ കത്തും അനുബന്ധരേഖകളും** (SRG 884/21 – CC /701/21)

*പ്രോ.നം.* 758/22 — *അടങ്കൽ - 4,00,000/- രൂപ*

*(തനത് ഫണ്ട്)*

***പേര് : കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ആംബുലൻസ്***

കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ നിലവിലുള്ള ആംബുലൻസ് അപകടത്തിൽപ്പെട്ടിരുന്നു. ഇതിന്റെ റിപ്പയറിംഗിനാണ് പ്രോജക്ട്. കൊവിഡ് പശ്ചാത്തലത്തിൽ

എച്ച്.എം.സിക്ക് ഫണ്ടില്ലാത്ത സാഹചര്യത്തിൽ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഒറ്റതവണത്തേക്ക് മാത്രമായി പ്രത്യേകാനുമതി നൽകുന്നു. ഇൻഷ്വറൻസ് കവറേജ് ഇല്ലാതെ വന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഇത് ആവർത്തിക്കരുത് എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.36. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2021 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.11.2021 ലെ 2(4)-ാം നമ്പർ തീരുമാനവും (SRG 883/21 – CC /704/21)**

***പ്രോ.നം:* 773/22** ***അടങ്കൽ - 5,00,000/- രൂപ (തനത് ഫണ്ട്)***

***പേര് : ജില്ലയിലെ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകൽ***

ആറന്മുള ഉതൃട്ടാതി വള്ളം കളിയിൽ ജില്ലയിൽ നിന്നു നാല്പതോളം വള്ളങ്ങൾ പങ്കെടുക്കുന്നു. ഈ വള്ളങ്ങളുടെ പരിപാലനത്തിനായി ഓരോ വള്ളത്തിനും 10,000/- രൂപ വീതം നൽകാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ഈ വർഷം ധനസഹായം ലഭിച്ച പള്ളിയോടങ്ങൾ ഒഴിച്ച് മറ്റുള്ള പള്ളിയോടങ്ങൾക്ക് മാത്രമേ ധനസഹായം നൽകാവു എന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.37. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2021 ലെ കത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.11.2021 ലെ 2(3)-ാം നമ്പർ തീരുമാനവും (SRG 885/21 – CC /703/21)**

***പ്രോ.നം:* 766/22** ***അടങ്കൽ - 75,00,000/- രൂപ (വികസനഫണ്ട് ജനറൽ)***

***പേര് : വന്യമൃഗങ്ങളിൽ നിന്ന് കാർഷിക വിള സംരക്ഷണം***

മൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതു മൂലം കർഷകർക്ക് വലിയ നഷ്ടമുണ്ടാകുന്നുണ്ട്. ഏറ്റവും ശല്യം കാട്ടുപന്നികളിൽ നിന്നാണ്. കാട്ടുപന്നികളെ പ്രതിരോധിക്കാൻ കൃഷി ഇടങ്ങൾക്ക് ചുറ്റും ഇരുമ്പു പൈപ്പുകൾ സ്ഥാപിച്ച് അതിൽ ചെയിൻ ലിങ്ക്സ് ഘടിപ്പിച്ച് ബലവത്തായ വേലി നിർമ്മിക്കുന്നതിനാണ് പ്രോജക്ട്. ഇതിനായി കൃഷി വകുപ്പിന്റെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റും യൂണിറ്റ് നിരക്കും തയ്യാറാക്കിയിട്ടുണ്ട്.

യൂണിറ്റ് നിരക്കിന്റെ 50 ശതമാനം സബ്സിഡി നൽകാനാണ് ഉദ്ദേശിക്കുന്നത്. ജില്ലയിലെ 24 ഗ്രാമപഞ്ചായത്തുകളും ആറു ബ്ലോക്ക് പഞ്ചായത്തുകളും ഇതിന്റെ ഭാഗമായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ജില്ല/ബ്ലോക്ക് / ഗ്രാമപഞ്ചായത്തു വിഹിതം യഥാക്രമം 40: 30: 30 നിരക്കിലാണ് ഉദ്ദേശിക്കുന്നത്. അസി. എഞ്ചിനീയറുടെ എസ്റ്റിമേറ്റ പ്രകാരം ഒരു മീറ്റർ വേലി നിർമ്മിക്കുന്നതിന് 1028/- രൂപയാണ് ചെലവ്. ഇതു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** വനവകുപ്പിന്റെ കൂടി സഹകരണം തേടണമെന്ന നിബന്ധന യോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.38. പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2021 ലെ കത്തും ജില്ലാ പഞ്ചായത്തിന്റെ 11.11.2021 ലെ 2(2)-ാം നമ്പർ ഭരണസമിതി തീരുമാനവും** (SRG 887/**21** – **CC** /702/**21**)

*പ്രോ.നം:* 757/22

*അടങ്കൽ - 65,00,000/- രൂപ*
*(വികസനഫണ്ട് -ജനറൽ - 59,00,000/- രൂപ*
*ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 5,00,000/- രൂപ*
*ഗ്രാമപഞ്ചായത്ത് – 1,00,000/- രൂപ)*

***പേര് : കൊടുമൺ ഗ്രാമപഞ്ചായത്തിൽ മിനി റൈസ് മിൽ സ്ഥാപിക്കൽ***

കൊടുമൺ ഗ്രാമപഞ്ചായത്തിൽ മിനി റൈസ് മിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നു. കൊടുമൺ ഗ്രാമപഞ്ചായത്തും പറക്കോട് ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും സംയുക്തമായാണ് പ്രോജക്ട് നടപ്പാക്കുന്നത്. കൊടുമൺ ഗ്രാമപഞ്ചായത്തിലും സമീപ പ്രദേശത്തും ഉല്പാദിപ്പിക്കുന്ന നെല്ല് കുത്തി അരിയാക്കാനും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കാനും ലക്ഷ്യമിടുന്നു. റൈസ് മില്ലിന്റെ ഉടമസ്ഥതാവകാശം കൊടുമൺ ഗ്രാമപഞ്ചായത്തിനെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** താഴെപറയുന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

1) ഇത് പ്രൊഡ്യൂസർ കമ്പനി / അംഗീകൃത കർഷക സമിതികൾ മുഖേന വേണം നടപ്പാക്കേണ്ടത്.
2) ഇതിന്റെ നടത്തിപ്പ്, അറ്റകുറ്റപ്പണിയടക്കമുള്ള ചെലവ് റൈസ് മില്ലിന്റെ വരുമാനത്തിൽ നിന്നു തന്നെ കണ്ടെത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.39. ഏറിയാട് ഗ്രാമപഞ്ചായത്ത്**

**ഏറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.10.2021 ലെ A5-1204/2021-ാം നമ്പർ കത്തും ഏറിയാട് ഗ്രാമപഞ്ചാത്ത് ഭരണസമിതിയുടെ 04.10.2021 ലെ 1(8)-ാം നമ്പർ തീരുമാനവും മതിലകം ബ്ലോക്ക് ഭരണസമിതിയുടെ 12.10.2021 ലെ 11 (3)-ാം നമ്പർ തീരുമാനവും. (SRG 56/21 )**

എറിയാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച വരുന്ന ബഡ്സ് സ്കൂൾ വേണ്ടത്ര സൗകര്യമില്ലാത്ത ഒരു അങ്കണവാടിയിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ഇവിടെ 9 കുട്ടികൾ ഉണ്ട്. ഈ കുട്ടികൾക്ക് ഫിസിയോ തെറാപ്പി വേണം. അതിനുള്ള സൗകര്യം ഈ കെട്ടിടത്തിൽ ഇല്ലാത്തതിനാൽ പുതിയ അഡ്മിഷൻ നൽകാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ മുൻപ് കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തായി പ്രവർത്തിച്ച കൊണ്ടിരുന്നതും വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നതുമായ ബ്ലോക്ക് പഞ്ചായത്തു വക കെട്ടിടത്തിലൊന്ന് (റൂം നമ്പർ 111/210) വിട്ടുനൽകണമെന്നത് സംബന്ധിച്ച്. ഇങ്ങനെ കെട്ടിടം താല്കാലികമായി അനുവദിച്ച നൽകാൻ മതിലകം ബ്ലോക്ക് പഞ്ചായത്ത് (നിലവിലെ ബ്ലോക്ക്) തീരുമാനമെടുത്തിട്ടുണ്ട്.

**തീരുമാനം: -** ഈ കെട്ടിടം ബഡ്സ് സ്കൂളിനായി വിട്ടു നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.40. മാടക്കത്തറ ഗ്രാമപഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.12.2021 ലെ കത്തുകളും (2 എണ്ണം) മാടക്കത്തറ ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 11.11.2021 ലെ A2-607/21-ാം നമ്പർ കത്തുകളും (2 എണ്ണം) (SRG 831/21 – CC / 593/21 , (SRG 832/21 – CC / 595/21)**

*1)പ്രോ.നം:* 88/22

*അടങ്കൽ - 41,00,000/- രൂപ*
*(വികസനഫണ്ട് ജനറൽ - 8,00,000/- രൂപ*
*ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 8,00,000/- രൂപ*
*ജില്ലാ പഞ്ചായയത്ത് വിഹിതം – 25,00,000/- രൂപ)*

***പേര് : ലക്ഷം വീട് പദ്ധതിയിലെ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റവീടാക്കൽ - (ജനറൽ)***

*2) പ്രോ.നം:* 97/22

*അടങ്കൽ - 50,44,943/- രൂപ*
*(എസ്.സി.പി – 13,44,943/- രൂപ*
*ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 12,00,000/- രൂപ*
*ജില്ലാ പഞ്ചായയത്ത് വിഹിതം – 25,00,000/- രൂപ)*

***പേര് : ലക്ഷം വീട് പദ്ധതിയിലെ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ ഒറ്റവീടാക്കൽ - (എസ്.സി)***

ലക്ഷം വീട് പദ്ധതിയിൽ നിർമ്മിച്ച ഇരട്ട വീട്ടുകൾ ഒറ്റ വീടാക്കുന്നതിന് രണ്ട് പ്രോജക്ടുകൾ ഉണ്ട്. (ജനറൽ വിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും). ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം 20,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഈ വീട്ടുകൾ വാസയോഗ്യമല്ലെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും അസി. എഞ്ചിനീയറും അറിയിച്ചിട്ടുണ്ട്. ഓരോ ഇരട്ട വീട്ടുകളിലും താമസിക്കുന്ന ഒരു കുടുംബത്തിനു മാത്രമാണ് മുകളിൽ പറഞ്ഞ ധനസഹായം ലഭിച്ചിട്ടുള്ളത്. നിലവിലെ വീട്ടു വാസയോഗ്യമല്ല എന്നതു പരിഗണിച്ച് മുകളിൽ പറഞ്ഞ ഇരട്ട വീട്ടുകൾ ഒറ്റ വീടാക്കാൻ ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -**

1) ഇരട്ട വീട്ടുകളിൽ താമസിക്കുന്നവരിൽ 8 വർഷത്തിനകം ധനസഹായം ലഭിക്കാത്ത കുടുംബത്തിന് ധനസഹായം നൽകാൻ അനുമതി നൽകുന്നു. 8 വർഷത്തിനു ശേഷം മറ്റ കുടുംബത്തിനും ധനസഹായം നൽകാവുന്നതാണ്.
2) ധനസഹായ തുക ലൈഫ് ഭവനപദ്ധതിക്ക് മാറ്റി വച്ചിരിക്കുന്ന 20 ശതമാനത്തിനു പുറമെ കണ്ടത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.41. കോളയാട് ഗ്രാമപഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.12.2021 ലെ കത്തും** (SRG 853/21 – CC / 660/21)

*പ്രോ.നം:* 15/22

*അടങ്കൽ - 13,00,000/- രൂപ*
*(വികസനഫണ്ട് ജനറൽ - 700,000/- രൂപ*
*സംസ്ഥാന വിഹിതം – 6,00,000/- രൂപ)*

***പേര് : ശിശുമിത്ര ബഡ്സ് സ്കൂൾ - തുടർ പ്രവർത്തനം***

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കോളയാട് ഗ്രാമ പഞ്ചായത്തിലെ ശിശു മിത്ര സ്പെഷ്യൽ ബഡ്സ് സ്കൂൾ തുറന്നു പ്രവർത്തിക്കുന്നില്ല. അതിനാൽ ബഡ്സ് സ്കൂൾ ഡ്രൈവർ , ആയ എന്നിവർക്ക് വേതനം നൽകുന്നില്ല. ഇവർക്കു വേതനം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ആയയ്ക്കും സ്കൂളിന്റെ സ്വന്തം വാഹനമാണെങ്കിൽ ഡ്രൈവർക്കും വേതനം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.42. പെരിങ്ങോട്ടു കുറുശ്ശി ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.12.2021 ലെ കത്തും പെരിങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തു ഭരണസമിതിയുടെ 22.11.2021 ലെ 13) 1-ാം നമ്പർ തീരുമാനവും** (SRG 854/21 – CC / 661/21)

*പ്രോ.നം:* 219/22 — ***അടങ്കൽ - 20,00,000/- രൂപ (സി.എഫ്.സി ബെയിസിക് ഗ്രാന്റ്)***

***പേര് : ഒളപ്പമണ്ണ കോമ്പൗണ്ട് വാൾ നിർമ്മാണം***

മഹാകവി ഒളപ്പമണ്ണക്ക് സ്മാരക നിർമ്മാണത്തിന് സാംസ്കാരിക വകുപ്പ് 1.00 കോടി രൂപ അനുവദിച്ചിരുന്നു. സ്മാരകത്തിന്റെ നിർമ്മാണം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെയാണ് ഏല്പിച്ചിരുന്നത്. നിർമ്മാണം പൂർത്തിയായി വരുന്നു. ഇതിന് ഒരു ചുറ്റുമതിൽ കൂടി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 20.00 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണവും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏല്പിക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു. ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കണമെന്ന നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.43. തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.12.2021 ലെ കത്ത്** (SRG 855/21 – CC / 667/21)

*പ്രോ.നം:* 765/22 — ***അടങ്കൽ - 20,25,940/- രൂപ (സി.എഫ്.സി ബെയിസിക് ഗ്രാന്റ്)***

***പേര് : പെരിങ്ങോട്ടുകര ഡയാലിസിസ് സെന്ററിൽ സോളാർ പാനൽ സ്ഥാപിക്കൽ***

തൃശ്ശൂർ ജില്ലയിൽ പെരിങ്ങോട്ടുകര അസോസിയേഷൻ ഡയാലിസിസ് സെന്ററിൽ 35 KW സോളാർ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട്. ഇതു ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതല്ലാത്തതിനാൽ പ്രോജക്ടു നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** തൽക്കാലം അനുമതി പരിഗണിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.44. വാഴക്കാട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.12.2021 ലെ കത്ത്** (SRG 856/21 – CC / 621/21)

*പ്രോ.നം:* 309/21

*അടങ്കൽ - 2,00,000/- രൂപ*
*(തനത് ഫണ്ട്)*

***പേര് :*** FHC ***ആംബുലൻസ് പരിപാലന ചെലവുകൾ***

വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു ആംബുലൻസ് വി.പി.എസ് ഗ്രൂപ്പ് (ഹെൽത്ത് കെയർ ഗ്രൂപ്പ്) സംഭാവന നൽകിയിട്ടുണ്ട്. ആംബുലൻസ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഡയറക്ടറുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ ആവർത്തന ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആംബുലൻസിന്റെ ഡ്രൈവർക്ക് വേതനം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു. വേതനമടക്കമുള്ള ആവർത്തന ചെലവ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ / എച്ച്.എം.സിയുടെ തനതു വരുമാനത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.45. വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.12.2021 ലെ കത്തും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.11.2021 ലെ 3 (4)-ാം നമ്പർ തീരുമാനവും** (SRG 827/21 – CC / 638/21)

*പ്രോ.നം:* 109/22

*അടങ്കൽ - 11,00,000/- രൂപ*
*(എസ്.സി.പി – 10,72,600/- രൂപ*
*തനത് ഫണ്ട് – 27,400/- രൂപ)*

***പേര് :*** **വീട് വാസയോഗ്യമാക്കൽ (എസ്.സി)**

വീട് വാസയോഗ്യമാക്കുന്ന പ്രോജക്ടിൽ ശ്രീമതി തങ്കമണി ജോയി എന്ന ആൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവർക്ക് സ്വന്തമായി വീടില്ല. സഹോദരന്റെ കൂടെയാണ് താമസിക്കുന്നത്. സഹോദരൻ മരണപ്പെട്ടു. ശ്രീമതി തങ്കമണി വിവാഹിതയല്ല. സഹോദരന്റെ വീടിന്റെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകാൻ അനുമതി നല്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ശ്രീമതി തങ്കമണിക്ക് ജീവിതകാലമത്രയും ഈ ഭവനത്തിൽ താസിക്കാനുള്ള അവകാശമുണ്ടെന്ന് കരാർ പ്രകാരം വ്യവസ്ഥ ചെയ്യണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.46. വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.12.2021 ലെ കത്തും വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.11.2021 ലെ 3 (5)-ാം നമ്പർ തീരുമാനവും (SRG 828/21 – CC / 637/21)**

*പ്രോ.നം:* 196/21 *അടങ്കൽ - 3,50,000/- രൂപ (റ്റി.എസ്.പി)*

*പേര് :* **വീട്ടു പുനരുദ്ധാരണം – എസ്.റ്റി**

വീട്ടു പുനരുദ്ധാരണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീമതി സോഫി ജോയി എന്ന ആൾ ഉണ്ട്. ഇവർ താമസിക്കുന്നത് ഭർതൃപിതാവിന്റെ പേരിലുള്ള വീട്ടിലാണ്. ഭർതൃപിതാവ് മരണപ്പെട്ടു. അനുവദിക്കുന്ന തുക ഉപയോഗിച്ച് ഭർതൃപിതാവിന്റെ പേരിലുള്ള വീട്ടു പുനരുദ്ധാരണം ചെയ്യുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്. റേഷൻ കാർഡിൽ ഇവർ എല്ലാവരും ഉൾപ്പെട്ടിട്ടുണ്ട്.

**തീരുമാനം: -** ശ്രീമതി സോഫി ജോയിക്ക് ജീവിതകാലമത്രയും ഈ ഭവനത്തിൽ താസിക്കാനുള്ള അവകാശമുണ്ടെന്ന് കരാർ പ്രകാരം വ്യവസ്ഥ ചെയ്യണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.47. ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.11.2021 ലെ കത്തും ദേവികുളം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25.10.2021 ലെ 2 (9)-ാം നമ്പർ കത്തും (SRG 698/21 – CC / 541/21)**

*പ്രോ.നം:* 121/21 *അടങ്കൽ - 7,50,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്)*

*പേര് :* **ബ്ലോക്ക് വനിതാ വികസന കേന്ദ്രത്തിന്റേയും റിസോർട്ടിന്റെയും നവീകരണം**

ബ്ലോക്ക് പഞ്ചായത്തിലെ വനിതാ വികസന കേന്ദ്രത്തിന്റെയും റിസോർട്ടിന്റെയും നവീകരണത്തിനുള്ള പ്രോജക്ടിൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നിരസിച്ചു. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.48. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.12.2021 ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021 ലെ യോഗ തീരുമാനവും** (SRG 857/**21 – CC /** 671/**21)**

*പ്രോ.നം:* 47/22

*അടങ്കൽ - 20,00,000/- രൂപ*

*(വികസന ഫണ്ട് – ജനറൽ)*

*പേര് :* **ആനമതിൽ - ബ്ലോക്ക് വിഹിതം**

കാറഡുക്ക ബ്ലോക്ക പഞ്ചായത്തും പ്രദേശത്തെ അഞ്ച് ഗ്രാമ പഞ്ചായത്തും ചേർന്ന് കാട്ടാനകളെ പ്രതിരോധിക്കുന്നതിനായി ഹാങ്ങിംഗ് ഫെൻസിംഗിന് പ്രോജക്ട് എടുക്കാൻ തീരുമാനിച്ചിരുന്നു. 29 കിലോമീറ്റർ നീളത്തിലാണ് വേലി നിർമ്മിക്കാനു ദ്ദേശിക്കുന്നത്. ഇതിനായി ബ്ലോക്ക് പഞ്ചായത്ത് 20.00 ലക്ഷം രൂപ വകയിരുത്തി ഈ വർഷം പ്രോജക്ട തയ്യാറാക്കിയിട്ടുണ്ട്. ഈ തുക ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനു കൈമാറി പ്രോജക്ട നിർവ്വഹണം നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു. ട്രഷറി നടപടികൾക്ക് ധനകാര്യവകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള അനുമതി ആവശ്യമായി വരുന്ന പക്ഷം ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.49. കണ്ണൂർ ജില്ലാ പഞ്ചായത്ത്**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.03.2019 ലെ** B2-41**74 / 2017—ാം നമ്പർ കത്ത്, കണ്ണൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 28.02.2019 ലെ 4/2019 (11)-ാം നമ്പർ തീരുമാനം, കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.05.2020 ലെ** B2-4174/2017-ാം **നമ്പർ കത്തും, ശ്രീ എ.പി.കെ. രാജൻ കടമ്പൂഴ വീട് എന്ന ആളുടെ 2021 ഒക്ടോബർ മാസം അയച്ച കത്തും അനുബന്ധ രേഖകളും** (SRG 35/22 )

1) കണ്ണൂർ ജില്ലാ പഞ്ചായത്ത് 2018-19 ൽ മൃഗസംരക്ഷണ മേഖലയിൽ "സമൃദ്ധി നിറവ് പദ്ധതികൾക്ക് ധനസഹായം" എന്ന പ്രോജക്ട് എടുത്തിരുന്നു. (പ്രോ.നം. 709/19- അടങ്കൽ 4,00,000/- രൂപ) ഈ പ്രോജക്ടിൽ ആദ്യം 10.00 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും ഗുണഭോക്താക്കൾ കുറവായതിനാൽ 4.00 ലക്ഷം രൂപയായി കുറച്ചു.

വായ്പയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതിന് ഗുണഭോക്താക്കൾ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനു സമർപ്പിക്കണം. ഇതിന്റെ പ്രായോഗിക ക്ഷമതയും സാമ്പത്തിക വിശകലനവും പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ വായ്പയ്ക്കായി ധനകാര്യ സ്ഥാപനത്തിലേക്ക് ശുപാർശ ചെയ്യുകയാണ് പതിവ്. എന്നാൽ ഈ നടപടി

ക്രമങ്ങൾ പാലിക്കാതെ താഴെ പറയുന്ന രണ്ടു ഗുണഭോക്താക്കൾ ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ച് വായ്പ എടുത്ത് സംരംഭങ്ങൾ തുടങ്ങി.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്ത് | ആകെ അടങ്കൽ | ബാങ്കിന്റെ പേര് | സംരംഭം |
|---|---|---|---|---|---|
| 1 | അബ്ദുൾ നാസർ. യു.കെ അറഫ മഹൽ | കുറ്റ്യാട്ടൂർ | 10,05,000 | കുറ്റ്യാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | പശു വളർത്തൽ |
| 2 | സജിത. കെ ആനന്തോത്ത് ഹൗസ് | മയ്യിൽ | 35,00,000 | മുല്ലക്കൊടി സർവ്വീസ് സഹകരണ ബാങ്ക് | പശു, ആട് ഇറച്ചി കോഴി വളർത്തൽ |

മാർഗ്ഗരേഖ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചല്ല ലോൺ എടുത്തതെങ്കിലും പലിശ സബ്സിഡി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** മുൻകൂർ അനുമതി വാങ്ങിയില്ല എന്നതിൽ ഇളവ് അനുവദിക്കുന്നു. എന്നാൽ ഫാം ആരംഭിക്കുന്നതിന് യഥാർത്ഥത്തിൽ എത്ര തുക ആവശ്യമായി വന്നു, ഇതിനനുസരിച്ചാണോ ലോൺ എടുത്തത്, അങ്ങനെയെങ്കിൽ ആ തുകയുടെ പലിശ മാത്രം (പിഴ പലിശ ഒഴികെ) എത്രയാണ്, ഫാമിന്റെ ഇപ്പോഴത്തെ സ്ഥിതി, അനുവദനീയ ധനസഹായം എത്ര എന്നിവ ഉൾപ്പടെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതും ജില്ലാ പഞ്ചായത്ത് ആയത് പരിശോധിച്ച് നിയമാനുസൃത തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

ii) 2019-20 ൽ ജില്ലാ പഞ്ചായത്ത് സംരംഭകത്വ പ്രോത്സാഹന റിവോൾവിംഗ് ഫണ്ട് എന്ന പദ്ധതി ഏറ്റെടുത്തിരുന്നു. (പ്രോ.നം 615/20)

ശ്രീ. എ.പി.കെ രാജൻ, കടമ്പൂർ ഹൗസ് എന്നയാൾ കറവ പശു വളർത്തലിനായി 20.00 ലക്ഷം രൂപ 2018-ൽ കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ലോൺ എടുത്തിരുന്നു. ഇദ്ദേഹത്തെ 2019-20 വർഷത്തിൽ ജില്ലാ പഞ്ചായത്തിന്റെ സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് ഗുണഭോക്താവായി ഉൾപ്പെടുത്തണമെന്ന് ചപ്പാരപടവ് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടുണ്ട്. ശ്രീ. എ.പി.കെ രാജൻ ബാങ്ക് ലോൺ എടുക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയിരുന്നില്ല. മാർഗ്ഗരേഖ പ്രകാരമുള്ള നപടിക്രമങ്ങൾ പാലിച്ചിരു

ന്നില്ല. ഈ സംരംഭകന് ബാങ്ക് വായ്പയുടെ പലിശ നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം: -** മുൻകൂർ അനുമതി വാങ്ങിയില്ല എന്നതിൽ ഇളവ് അനുവദിക്കുന്നു. എന്നാൽ ഫാം ആരംഭിക്കുന്നതിന് യഥാർത്ഥത്തിൽ എത്ര തുക ആവശ്യമായി വന്നു, ഇതിനനുസരിച്ചാണോ ലോൺ എടുത്തത്, അങ്ങനെയെങ്കിൽ ആ തുകയുടെ പലിശ മാത്രം (പിഴ പലിശ ഒഴികെ) എത്രയാണ്, ഫാമിന്റെ ഇപ്പോഴത്തെ സ്ഥിതി, അനുവദനീയ ധനസഹായം എത്ര എന്നിവ ഉൾപ്പടെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതും ജില്ലാ പഞ്ചായത്ത് ആയത് പരിശോധിച്ച് നിയമാനുസൃത തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.50. മൂന്നാർ ഗ്രാമപഞ്ചായത്ത്**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2021 ലെ കത്തുകൾ (2 എണ്ണം)** ( SRG 40/22 – CC/19/202, SRG 41/212 – CC / 18/22)

***പ്രോ.നം:*** 21/22 ***അടങ്കൽ - 45,00,000/- രൂപ (എസ്.സി.പി)***

***പേര് :*** **ലൈഫ് ഭവന പദ്ധതി (എസ്.സി)**

***പ്രോ.നം:*** 9/22 ***അടങ്കൽ - 48,76,400/- രൂപ (വികസനഫണ്ട്-ജനറൽ)***

***പേര് :*** **ലൈഫ് ഭവന പദ്ധതി (ജനറൽ)**

മൂന്നാർ ഗ്രാമപഞ്ചായത്തിൽ ഏകദേശം 4665 ഭൂരഹിതരായ കുടുംബങ്ങൾ ഉണ്ട്. ഇവർ മിക്കവർക്കും ഈ പഞ്ചായത്ത് പരിധിയിൽ ഭൂമി കണ്ടെത്താൻ കഴിയുന്നില്ല. ഇവരിൽ ചിലർക്ക് സർക്കാർ പദ്ധതിയിലൂടെയും അല്ലാതെയും സമീപ പഞ്ചായത്തുകളായ മറയൂർ, ദേവികുളം ഉൾപ്പടെയുള്ള ഗ്രാമപഞ്ചായത്തുകളിൽ അഞ്ചുമുതൽ പത്തുവരെ സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. ഇങ്ങനെ വളരെയധികം ആൾക്കാർ ഉള്ളതിനാൽ ഈ ഗ്രാമപഞ്ചായത്തുകൾക്ക് (ഭൂമി ലഭ്യമായ) ഇവർക്കെല്ലാം ഭവന നിർമ്മാണത്തിന് ധനസഹായം നൽകാൻ കഴിയുന്നില്ല.

ഈ സാഹചര്യത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽ ഭൂരഹിതരായ ഗുണഭോക്താക്കൾ ദേവികുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ ഭൂമിവാങ്ങിയിട്ടുണ്ടെങ്കിൽ അവർക്ക് മൂന്നാർ ഗ്രാമ പഞ്ചായത്തിൽ നിന്നു ധനസഹായം നൽകാൻ അനുമതി നൽകണമെന്നു

സംബന്ധിച്ച്. ഈ തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനു കൈമാറാനും ഹഡ്കോ വായ്പയും മറ്റും മൂന്നാർ ഗ്രാമപഞ്ചായത്തു തന്നെ തിരിച്ചടയ്ക്കാനുമാണ് ഉദ്ദേശിക്കുന്നത്.

**തീരുമാനം:** 1) അനുമതി നൽകുന്നു. പൊതു വിഷയം ഖണ്ഡിക 3 ബാധകമാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.51 ളാലം ബ്ലോക്ക് പഞ്ചായത്ത്**
**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2021 ലെ കത്തും ളാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.11.2021 ലെ** B-39/2021 **നമ്പർ കത്തും** (SRG 757/ **21 – CC /** 489/**21**)

*പ്രോ.നം:* 39/22 — *അടങ്കൽ - 4,75,000/- രൂപ (തനത് ഫണ്ട്)*

***പേര് :*** **മീനച്ചിൽ പഞ്ചായത്തിലേക്ക് പാലിയേറ്റീവ് കെയർ പ്രവർത്തനത്തോടനുബന്ധിച്ച് ആംബുലൻസ് വാങ്ങൽ**

മീനച്ചിൽ പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനായി ബ്ലോക്കു പഞ്ചായത്ത് വാഹനം വാങ്ങി നൽകാനാണ് പ്രോജക്ട്. മാരുതി കമ്പനിയുടെ **ECCO** വാഹനം വാങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഈ മോഡൽ **GeM** സൈറ്റിൽ ഇല്ല. അതിനാൽ കമ്പനി ഡീലർമാർ മുഖേന വാങ്ങാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം: -**

1) പാലിയേറ്റീവ് പ്രവർത്തനത്തിന് വാഹനം വാടകയ്ക്കെടുക്കുന്നതാണ് അഭികാമ്യമെന്നു നിർദ്ദേശിക്കുന്നു. ഇതു കൂടി കണക്കിലെടുത്ത് ബ്ലോക്ക് പഞ്ചായത്ത് തീരുമാനമെടുക്കണം.
2) സ്വന്തമായി വാഹനം വാങ്ങാൻ തന്നെയാണ് തീരുമാനമെങ്കിൽ അനുയോജ്യമായ വാഹനം GeM മുഖേന വാങ്ങാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.52 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**
**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2021 ലെ കത്തും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.11.21 ലെ** P2-3328/21-ാം **നമ്പർ കത്തും** (**SRG** 886/ **21 – CC /** 604/**21**)

*പ്രോ.നം:* 691/22 — *അടങ്കൽ - 15,00,000/- രൂപ (വികസനഫണ്ട് -ജനറൽ)*

***പേര് :*** **കൊടൽ നടക്കാവ് കയർ സഹകരണസംഘം വർക്ക് ഷെഡ്- നിർമ്മാണ ധനസഹായം - ഒറ്റത്തവണ**

കോഴിക്കോട് ജില്ലയിൽ കൊടൽ നടക്കാവ് കയർ സഹകരണ സംഘത്തിന് വർക്ക് ഷെഡ് നിർമ്മിക്കുന്നതിന് മുഴുവൻ തുകയും നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** കയർ മേഖലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുഖേന രജിസ്റ്റർ ചെയ്ത സംഘമാണെങ്കിൽ ഷെഡ്ഡു നിർമ്മിക്കുന്നതിന് ആകെ ചെലവിന്റെ പരമാവധി 80% തുക സബ്സിഡിയായി നൽകാൻ അനുമതി നൽകുന്നു. പരമാവധി തുക 15.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.53 കണ്ണൂർ ജില്ലാ പഞ്ചായത്ത്**
**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16.06.2021 ലെ കത്ത്** (SRG 43/ 22)

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചാരിറ്റബിൾ സൊസൈറ്റിയാണ് സ്നേഹജ്യോതി കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റി. ജില്ലയിലാകെ വൃക്ക മാറ്റി വച്ച 250 രോഗികൾക്ക് സൗജന്യമായി മരുന്നു നൽകുന്നുണ്ട്. ഒരാൾക്ക് തന്നെ പ്രതിമാസം 8000/- രൂപ മുതൽ 25,000/- രൂപ വരെ മരുന്നിന് ചെലവാകും. ജില്ലാ പഞ്ചായത്ത് 50.00 ലക്ഷം രൂപ ഈ വർഷം മാറ്റി വച്ചിട്ടുണ്ട്. കൊവിഡ് പശ്ചാത്തലത്തിൽ ജീവകാരുണ്യ പ്രവർത്തനത്തിലൂടെ ഫണ്ടു കണ്ടെത്താൻ ബുദ്ധിമുട്ടാണ്. അതിനാൽ ജില്ലയിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും 1.00 ലക്ഷം രൂപ വീതം ശേഖരിക്കാൻ അനുമതി നല്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** തനത്ഫണ്ട് സംഭാവനയായി നൽകുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.54 കണ്ണൂർ ജില്ലാ പഞ്ചായത്ത്**
**കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2021 ലെ** M- 3265/11-ാം **നമ്പർ കത്ത്** (SRG 44/ 22)

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സുവർണ്ണധാര കുടിവെള്ള പദ്ധതിയുടെ ഭാഗമായി 2011- 12 വർഷം ആരംഭിച്ച് നടപ്പിലാക്കിയതാണ് കാട്ടാമ്പള്ളിച്ചിറ കുടിവെള്ള പദ്ധതി (പ്രോ.നം. 302/12 അടങ്കൽ 9,20,000/- രൂപ വികസനഫണ്ട് 8,28,000/- രൂപ + ഗുണഭോക്തൃ വിഹിതം 92,000/- രൂപ). പ്രവർത്തി ചെയ്യിപ്പിച്ചത് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (**SEUF**) – കണ്ണൂർ മുഖേനയാണ്. ഈ പദ്ധതിയിൽ രണ്ടു വാട്ടർ ടാങ്ക് ഉണ്ട്. അതിൽ ഒന്ന് കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇരിഞ്ഞാവ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലത്താണ്. ഇതിനായി ആരോഗ്യ വകുപ്പിന്റെ അനുമതി ലഭിക്കാൻ വൈകിയതിനാൽ 2018 ലാണ് പ്രവർത്തി പൂർത്തീകരിച്ചത്. **SEUF**

നുവേണ്ടി ഗുണഭോക്തൃ സമിതിയാണ് പ്രവർത്തി ചെയ്തത്. 2013 ലെ ഡി.എസ്.ആർ പ്രകാരമുള്ള തുകയാണ് **SEUF** ന് അനുവദിച്ചത്. അതിനാൽ കൺവീനർക്കു നഷ്ടമുണ്ടായി. ഈ സാഹചര്യത്തിൽ 2016 ൽ നിലനിന്നിരുന്ന ഡി.എസ്.ആർ പ്രകാരം റേറ്റ് പുതുക്കി അധിക തുക അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം: -** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കുന്നതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**

**4.55 അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.12.2021, 20.12.2021 എന്നീ തീയതികളിലെ കത്തുകൾ (2 എണ്ണം) അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.10.2021 ലെ 2(1)-ാം നമ്പർ തീരുമാനവും** (SRG 881/ 22 – CC 592/21))

ഇ.എം.എസ് ഭവന പദ്ധതി പ്രകാരം ലഭ്യമായ തുക ചെലവഴിക്കപ്പെടാതെ കിടപ്പുണ്ട്. പൊതു വിഭാഗത്തിൽ 24,75,000/- രൂപയും എസ്.സി.പി വിഹിതത്തിൽ 3,93,008/- രൂപയുമാണ് ബാങ്കിൽ ഉള്ളത്. പലിശയടക്കം ഇപ്പോൾ 34,95,325/- രൂപയുണ്ട്. ഇത് ഗ്രാമപഞ്ചായത്തു നടപ്പാക്കുന്ന ലൈഫ് പദ്ധതിയ്ക്കായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുമതി നൽകുന്നു. എന്നാൽ എസ്.സി.പി വിഹിതമായി ചെലവഴിക്കാത്ത തുക എസ്.സി വിഭാഗത്തിനു തന്നെ നൽകണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.56 വൈക്കം ബ്ലോക്ക് പഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.12.2021 ലെ കത്ത്** (SRG 871/ 22 – CC 676/21))

*പ്രോ.നം:* 58/22 — *അടങ്കൽ - 3,00,000/- രൂപ (എസ്.സി.പി)*

*പേര് :* **പട്ടികജാതി യുവതികൾക്ക് പി.എസ്.സി പരിശീലനം**

പട്ടികജാതി യുവതികൾക്ക് പി.എസ്.സി പരിശീലനത്തിനുള്ള പ്രോജക്ട് ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 30 പേർക്ക് പരിശീലനം നൽകുന്നു. പട്ടികജാതി വികസന വകുപ്പിന്റെ പരിശീലനകേന്ദ്രത്തിൽ വച്ചാണ് പരിശീലനം. 60 ദിവസമാണ്

പരിശീലന കാലയളവ്. പരിശീലകർക്ക് ഓണറേറിയം, പരിശീലനത്തിൽ പങ്കെടുത്ത വർക്ക് ഭക്ഷണം, പഠന സാമഗ്രികൾ ഒരു ദിവസത്തെ പഠനയാത്ര എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** 1) പട്ടികജാതി യുവതികൾക്കായതിനാൽ പ്രത്യേക അനുമതി നൽകുന്നു. എന്നാൽ പരിശീലനം പ്രവർത്തന മികവു തെളിയിച്ച ട്രെയിനിംഗ് സ്ഥാപനം മുഖേന നടത്തുന്നതു പരിഗണിക്കണം. പരിശീലകരെ കണ്ടെത്തി പരിശീലനം നൽകാൻ തന്നെയാണ് തീരുമാനിക്കുന്നതെങ്കിൽ പ്രൊഫഷണലായ പരിശീല കരെയാണ് നിയമിക്കുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.57 റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.12.2021 ലെ കത്തും റാന്നി അങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.12.2021 ലെ C2 – 4426/21-ാം നമ്പർ കത്തും**

(**SRG** 879/ **2**2 – **CC** 672**/21**))

*പ്രോ.നം:* 78/21

*അടങ്കൽ - 1,46,00,000/- രൂപ*

*(വികസനഫണ്ട് – 20,00,000/- രൂപ*

*ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 20,00,000/- രൂപ*

*ജില്ലാ പഞ്ചായത്ത് വിഹിതം – 40,00,000/- രൂപ*

*ബാങ്ക് വായ്പ – 66,00,000/- രൂപ)*

*പേര് :* **ലൈഫ് മിഷന് വിഹിതം**

ലൈഫ് മൂന്നാം ഘട്ടപദ്ധതിയിൽ (ഭൂരഹിത ഭവന രഹിതർ) 101 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇതിൽ അർഹതയുള്ളവർ 36 പേർ. ഇവരിൽ 24 പേർക്ക് സ്ഥലം വാങ്ങി നൽകി. ഇതിൽ ശ്രീമതി റെനി.എം. ജോർജ്ജ് എന്നയാൾക്ക് 2019-20 ലും ശ്രീമതി അനിത റാം, ശ്രീമതി കെ.പി. രമണിയമ്മ എന്നിവർക്ക് 2020-21 ലും സ്ഥലം വാങ്ങി നൽകി. ലൈഫ് മൂന്നാം ഘട്ടത്തിൽ മാനദണ്ഡ പ്രകാരം 31.12.2017 നു മുമ്പ് റേഷൻ കാർഡുള്ളവർക്കാണ് ധനസഹായം നൽകാവുന്നത്. മുകളിൽ പറഞ്ഞ ഗുണഭോക്താക്കളുടെ റേഷൻ കാർഡ് 31.12.2017നു ശേഷമുള്ളതാണ്. മാനദണ്ഡപ്രകാരം ഇവർക്ക് ഇനി വീടു നിർമ്മിക്കാൻ ധനസഹായം നൽകാവുന്നതല്ല. ഇവർക്ക് വീടു നിർമ്മിക്കാൻ ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** മുകളിൽ പറഞ്ഞ രീതിയിൽ ധനസഹായം നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് എന്നു യോഗം വിലയിരുത്തി. ഇവർക്ക് സ്ഥലം വാങ്ങാൻ ധനസഹായം നൽകിയ സ്ഥിതിക്ക് വീട്ടു നിർമ്മാണത്തിനു കൂടി ധനസഹായം നൽകാൻ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.58 ഉഴവൂർ ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.12.2021 ലെ കത്ത്** (SRG 869/ 22 – CC 681/21))

*പ്രോ.നം:* 252/22

***അടങ്കൽ - 1,50,000/- രൂപ***
***(സി.എഫ്.സി ബെയിസിക് ഗ്രാന്റ്)***

***പേര് :*** **മോനിപ്പള്ളി ടൗൺ സി.സി. ക്യാമറ സ്ഥാപിക്കൽ**

മോനിപ്പള്ളി ടൗണിലും, ഷോപ്പിംഗ് കോംപ്ലക്സ്, കംഫർട്ട് സ്റ്റേഷൻ, ടേക്ക് എ ബ്രേക്ക് കെട്ടിടം എന്നിവിടങ്ങളിലും സി.സി.റ്റി.വി ക്യാമറ വയ്ക്കാൻ ഉദ്ദേശിക്കുന്നു. ടൗണിലെ വ്യാപാരികളുടെ കൂടി സഹകരണത്തോടെയാണ് ഇത് സ്ഥാപിക്കുന്നത്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** വ്യാപരികളുടെ സഹകരണം ഉണ്ടാകുന്നതോടൊപ്പം പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുത്തി മോണിറ്ററിംഗ് ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.59 തിരുനാവായ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.12.021 ലെ കത്തും തിരുനാവായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.2021 ലെ കത്തും** (SRG 860/ 21 – CC 666/21))

*പ്രോ.നം:* 339/22

***അടങ്കൽ - 1,25,000/- രൂപ***
***(ജില്ലാ പഞ്ചായത്ത് വിഹിതം – 1,00,000/- രൂപ***
***തനത് ഫണ്ട് – 12,500/-***
***ഗുണഭോക്തൃ വിഹിതം – 12,500/-)***

***പേര് :*** **വെറ്റില കർഷകർക്ക് ഏണി**

വെറ്റില കർഷകർക്ക് ഇരുമ്പ് നിർമ്മിതമായ ഏണി നൽകാനാണ് പ്രോജക്ട്. ഒരെണ്ണത്തിന്റെ വില 2500/- രൂപ. 90 ശതമാനം സബ്സിഡിയോടെ ഇതു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** അനുയോജ്യത ഉറപ്പു വരുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടായി വേണം നടപ്പിലാക്കാൻ

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.60 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഓഫീസറുടെ 17.12.2021 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.12.2021 ലെ** dpt / d3 – 6132/21-ാം **നമ്പർ കത്തും അനുബന്ധ രേഖകളും** (**SRG** 868/ **21 – CC** 677/**21**))

*പ്രോ.നം:* **998/22** *അടങ്കൽ - 70,00,000/- രൂപ (ഗ്രാമപഞ്ചായത്തു വിഹിതം)*

***പേര് :*** **ജില്ലാ വയോജന വിഭവ കേന്ദ്രം പൂർത്തീകരണം.**

2017-18 വർഷം ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിഹിതം വകയിരുത്തി (70.00 ലക്ഷം രൂപ) "സുശാന്തം – വയോജന വിഭവ കേന്ദ്രം" എന്ന പദ്ധതി രൂപീകരിച്ചിരുന്നു. ജില്ലാ കളക്ടർ സെക്രട്ടറിയായി രൂപീകരിച്ച ചാരിറ്റബിൾ സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് ഈ തുക കൈമാറിയിരുന്നു. എന്നാൽ ജില്ല കളക്ടർ സെക്രട്ടറിയായ ചാരിറ്റബിൾ സൈസൈറ്റിക്ക് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയില്ല. ഈ സാഹചര്യത്തിൽ സൊസൈറ്റിയുടെ അക്കൗണ്ടിൽ നിന്നും തുക ജില്ല പഞ്ചായത്തു സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനും ഈ തുക ഉപയോഗിച്ച് വയോജന വിഭവ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** സൊസൈറ്റിയുടെ അക്കൗണ്ടിലെ തുക ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ നിലവിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാൻ അനുമതി നൽകുന്നു. ഈ തുകയുടെ വിവരങ്ങൾ പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ബാങ്ക് അക്കൗണ്ട് ഇല്ലെങ്കിൽ ധനവകുപ്പിന്റെ അനുമതിയോടെ പുതിയ അക്കൗണ്ട് തുടങ്ങാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.61 കവിയൂർ ഗ്രാമപഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.12.2021 ലെ കത്തും കവിയൂർ ഗ്രാമപഞ്ചയത്ത് സെക്രട്ടറിയുടെ 21.10.2021 ലെ** c3-217/21-ാം **നമ്പർ കത്തും അനുബന്ധ രേഖകളും** (**SRG** 859/ **21 – CC** 513/**21**))

2014 ൽ കവിയൂർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ശ്മശാനത്തിലേക്കുള്ള ഇടുങ്ങിയ പാതയ്ക്ക് വീതി കൂട്ടുന്നതിനായി പാതക്ക് ഇരുവശവുമുള്ള ഏഴ് വ്യക്തികൾ വ്യവസ്ഥകളോടെ ഭൂമി (8.50 സെന്റ് സ്ഥലം) ഗ്രാമപഞ്ചായത്തിന് വിട്ടു നൽകി. 270 മീറ്റർ വീതിയിൽ വഴി വെട്ടുകയും ചെയ്തു. പാതയുടെ ഇരുവശവും ഉയർന്നു നിൽക്കുന്ന ഭാഗം സംരക്ഷണ ഭിത്തി കെട്ടി നൽകണമെന്നായിരുന്നു വ്യവസ്ഥ. ഇതനുസരിച്ച് 140 മീറ്റർ നീളത്തിൽ 2 അടി ഉയരത്തിൽ പാതയുടെ ഇരുവശത്തുമായി സംരക്ഷണ ഭിത്തി കെട്ടണം.

ഈ വർഷം ശ്മശാന റോഡ് കോൺക്രീറ്റിംഗിനും ശ്മശാനത്തിന്റെ നവീകരണത്തിനും പ്രോജക്ട് (2 എണ്ണം) ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ സംരക്ഷണ ഭിത്തി കെട്ടി നൽകാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ അനുവദിക്കില്ലെന്ന് നാട്ടുകാർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്വകാര്യ വ്യക്തികളുടെ ഭൂമി ആണെങ്കിലും സംരക്ഷണ ഭിത്തി കെട്ടി നൽകാൻ പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** സൗജന്യമായാണ് ഇവർ സ്ഥലം നൽകിയതെന്നു പരിഗണിച്ച് സംരക്ഷണ ഭിത്തി കെട്ടി നൽകുന്നതിന് അനുമതി നൽകുന്നു. ഇതിനായി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.62. അബ്ദു റഹിമാൻ നഗർ ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ ഓഫീസറുടെ 16.12.2021 ലെ 6 കത്തുകളും എ.ആർ. നഗർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.11.21 ലെ 1(3)-ാം നമ്പർ തീരുമാനവും** (SRG 862/ 21 – CC 647/21, SRG 863/ 21 – CC 648/21, SRG 864/ 21 – CC 645/21, SRG 865/ 21 – CC 644/21, SRG 866/ 21 – CC 643/21, SRG 867/ 21 – CC 642/21)

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ സിംഗിൾ ഫേസ് വൈദ്യുതി ലൈൻ ത്രി ഫേസ് ലൈൻ ആക്കി മാറ്റുന്നതിന് താഴെ പറയുന്ന 6 പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയല്ലെന്നും ഇതു കെ.എസ്.ഇ.ബി യുടെ ചുമതലയാണെന്നും ചൂണ്ടിക്കാട്ടി സെക്രട്ടറി ഭരണസമിതിയോഗത്തിൽ കുറിപ്പ് നൽകി. പഞ്ചായത്തിലെ ഒട്ടനവധി പ്രദേശങ്ങളിൽ തെരുവുവിളക്കു സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ഈ പ്രോജക്ടുകൾ ഭേദഗതി ചെയ്ത് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്ന പ്രോജക്ട് തയ്യാറാക്കുന്നതാണ് ഉചിതമെന്നും സെക്രട്ടറി കുറിപ്പിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

എന്നാൽ ഈ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം ഉണ്ടെന്നും KSEB ത്രീഫേസ് ലൈനാക്കാൻ കാലതാമസമെടുക്കുമെന്നും ചൂണ്ടി കാട്ടി ഈ പ്രോജക്ട് നടപ്പാക്കാൻ ഗ്രാമപഞ്ചായത്ത് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | തുക - രൂപ (സി.എഫ്.സി ബെയിസിക് ഗ്രാന്റ്) |
|---|---|---|---|
| 1 | 150/2021-22 | മണ്ണിൽ തൊട്ടു കോളനി മുതൽ രാമൻ തോട്ടു ഭാഗത്ത് ത്രിഫേസ് വലിക്കൽ | 2,30,000/- |
| 2 | 154/2021-22 | നാട്ടുകല്ല് ഇടവഴി റോഡിൽ ത്രിഫേസ് ലൈൻ വലിക്കൽ | 1,15,000/- |
| 3 | 157/2021-22 | ഇല്ലിക്കൽ ഇടവഴി റോഡിൽ ത്രിഫേസ് ലൈൻ വലിക്കൽ | 115000/- |

| | | | |
|---|---|---|---|
| 4 | 158/2021-22 | വി.കെ.പടി കോരുട്ട് ഇടവഴിയിൽ ത്രിഫേസ് ലൈൻ വലിക്കൽ | 2,00,000/- |
| 5 | 159/2021-22 | ഇരുമ്പുചോല ചപ്പങ്ങൻതൊട്ട ത്രിഫേസ് ലൈൻ വലിക്കൽ | 95,000/- |
| 6 | 161/2021-22 | പതിനാറാം വാർഡ് കോൽപറമ്പ് റോഡ് മുതൽ അത്താണി വരെ ത്രിഫേസ് ലൈൻ ആക്കിമാറ്റൽ | 2,30,000/- |

**തീരുമാനം: -** 1) തെരുവു വിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കാവുന്നതാണ്. ത്രീ ഫേസ് ലൈൻ വലിക്കേണ്ടതില്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.63. ഉദയനാപുരം ഗ്രാമപഞ്ചായത്ത്**

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.12.2021 കത്ത്** (**SRG** 870/ **21** – **CC** 654/**21**)

2018-19 ലൈഫ് ഭവനപദ്ധതി (രണ്ടാം ഘട്ടം) യിൽ മായ, പുത്തൻ തറ, അക്കരപ്പാടം എന്ന ഗുണഭോക്താവ് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുകയും ഭവന നിർമ്മാണം ആരംഭിക്കുകയും ചെയ്തു. എന്നാൽ വിശദമായ പരിശോധനയിൽ ഗുണഭോക്താവിന്റെ റേഷൻ കാർഡ് 31.12.2017 ന ശേഷമുള്ളതാണെന്ന് കണ്ടെത്തി. പഴയ റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗത്തിന് വീടുള്ളതിനാൽ ഈ കുടുംബത്തിന് അർഹതയില്ല എന്നു വിലയിരുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ ധനസഹായം നൽകിയില്ല. മറ്റുള്ളവരുടെ സഹായത്തോടെ വീട്ട ഭിത്തി ഉയരം വരെയായിട്ടുണ്ട്. അപേക്ഷക വിധവയും രണ്ടു പെൺകുട്ടികളുടെ മാതാവുമാണ്. ഇപ്പോൾ പ്ലാസ്റ്റിക് ഷീറ്റു കൊണ്ടു മറച്ച കുടിലിലാണ് താമസം. ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച് ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം: -** 1) ഗുണഭോക്താവിന്റെ ഇപ്പോഴത്തെ സാഹചര്യം പരിഗണിച്ച് ലൈഫ് പദ്ധതിക്കു പുറത്തുള്ള (20% തുകയ്ക്കു പുറത്ത്) തുക ഉപയോഗിച്ച് ഭവന നിർമ്മാണത്തിന് ധനസസഹായം നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.64. പറക്കോട് ബ്ലോക്ക് പഞ്ചായത്ത്**

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2021 ലെ കത്തും അനുബന്ധ രേഖകളും**

(**SRG** 882/ **21** – **CC** 700/**21**)

*പ്രോ.നം:* 131/22

*അടങ്കൽ - 14,00,000/- രൂപ*
*(വികസന ഫണ്ട് ജനറൽ - 7,00,000/- രൂപ*
*ഗുണഭോക്തൃ വിഹിതം – 7,00,000/- രൂപ)*

*പേര് :* **ക്ഷീര കർഷകർക്ക് ചാണക സംസ്കരണ യൂണിറ്റ്**

ഗ്രാമസഭ 70 ക്ഷീരകർഷകരെ ചാണക സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 50 ശതമാനം സബ്സിഡിയോടെ പരമാവധി 10,000/- രൂപയാണ് ധനസഹായം നൽകുന്നത്. ഈ യൂണിറ്റ് സ്ഥാപിക്കാനായി പത്തനംതിട്ട ജില്ലാ കാർഷിക വിപണന സഹകരണ സംഘത്തെ ടെണ്ടർ കൂടാതെ ഏൽപ്പിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** കർഷകർ സ്വന്തമായി സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ അനുവദനീയ ധനസഹായം നൽകുന്ന രീതി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഏജൻസി മുഖേന നടത്താനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഇ-ടെണ്ടറിലൂടെ ഏജൻസിയെ കണ്ടെത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.65. ചേലമ്പ്ര ഗ്രാമപഞ്ചായത്ത്**

**ബഹു. വള്ളിക്കുന്ന് എം.എൽ.എയുടെ 29.12.21 ലെ 250/**Vallikunu/2021/Tvm **നമ്പർ കത്തും ചേലമ്പ്ര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.11.2021 ലെ 4(3)-ാം നമ്പർ തീരുമാനവും** (SRG 46/ 22)

ചേലമ്പ്ര ഗവ. ആയുർവേദ ആശുപത്രിയിൽ ആഴ്ചയിൽ 2 ദിവസത്തേക്ക് 08.09.2020 മുതൽ യുനാനി യൂണിറ്റ് തുടങ്ങി. രണ്ടു ദിവസമാണ് ഒതുക്കങ്ങൽ ആയുഷ് ഹോളിസ്റ്റിക് സെന്ററിലെ മെഡിക്കൽ ഓഫീസർ ഇവിടെ വന്നിരുന്നത്. ഈ ദിവസങ്ങളിൽ പ്രതിദിനം 660/- രൂപ ക്രമത്തിൽ ദിവസവേതനത്തിന് ഫാർമസിസ്റ്റിനെ നിയമിച്ചു. ഇതുവഴി വന്ന ചെലവിൽ ഓഡിറ്റ് കുറിപ്പുണ്ട്. ഫാർമസിസ്റ്റിനെ നിയമിച്ച് നടത്തിയ ചെലവിനു സാധൂകരണം നൽകണമെന്നും തുടർന്നും ഇവരുടെ സേവനം ഉപയോഗപ്പെടുത്താൻ അനുമതി നൽകണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം: -** ഓഡിറ്റ് കുറിപ്പിന്മേൽ തുടർ നടപടിക്കായി വകുപ്പുതല പരിഗണനയ്ക്കായി നൽകേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി/എ.സി) വകുപ്പ്**

**4.66. വെളിയങ്കോട് ഗ്രാമപഞ്ചായത്ത്**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.1.2021 ലെ കത്തും വെളിയങ്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8.10.2021 ലെ 1(1)-ാം നമ്പർ തീരുമാനവും** (SRG 695/ 22 – **CC /487/21**)

*പ്രോ.നം:* 142/**22**

*അടങ്കൽ - 7,37,500/- രൂപ*
*(സി.എഫ്.സി ഗ്രാന്റ് – 5,90,000/- രൂപ*
*ഗുണഭോക്തൃ വിഹിതം – 1,47,500/- രൂപ)*

***പേര്*** *:* **വ്യക്തിഗത വാട്ടർ ടാങ്ക് വിതരണം**

ഗ്രാമ പഞ്ചായത്തിൽ പൊതുവിഭാഗത്തിനായി 500 ലിറ്ററിന്റെ പി.വി.സി വാട്ടർ ടാങ്ക് വിതരണം ചെയ്യാൻ പ്രോജക്റ്റ് ഉൾപ്പെടുത്തിയിരിക്കുന്നു. 245 ഗുണഭോക്താക്കൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. മാർഗ്ഗരേഖ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കാണ് കുടിവെള്ള ടാങ്ക് നൽകാവുന്നത്. പൊതു വിഭാഗത്തിനായ തിനാൽ പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ ഗുണഭോക്താക്കൾക്ക് നൽകാവുന്ന സബ്സിഡി നിരക്കും നിശ്ചയിച്ച് നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** 75% സബ്സിഡിയോടെ പരമാവധി 3000/- രൂപ നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.67 മാവേലി സ്റ്റോറുകൾക്ക് കെട്ടിടം - നടത്തിപ്പ് പഞ്ചായത്ത് ഡയറക്ടറുടെ 08.01.2022-ലെ കത്ത് ( SRG - 55/22)

സപ്ലൈകോ മാവേലി സ്റ്റോറുകളുടെ വാടകയും നടത്തിപ്പും സംബന്ധിച്ച് ബഹു. തദ്ദേശസ്വയംഭരണ - എക്സൈസ് വകുപ്പ് മന്ത്രിയും ബഹു.ഭക്ഷ്യ പൊതു വിതരണ വകുപ്പുമന്ത്രിയുമായി 05.01.2022-ന് നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ മാവേലി സ്റ്റോറുകളുടെ വാടകയും നടത്തിപ്പും സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു. ഇതിന് കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം നൽകണമെന്നതു സംബന്ധിച്ച്.

സംസ്ഥാനത്ത് സപ്ലൈകോയ്ക്ക് നിലവിൽ 843 മാവേലി സ്റ്റോറുകളാണ് ഉള്ളത്. അവയിൽ ബഹു.ഭൂരിപക്ഷവും ഗ്രാമീണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ് പ്രകാരം സപ്ലൈകോ മാവേലി സ്റ്റോറുകളുടെ വാടക തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇതിന് കാലാവധി നിശ്ചയിച്ചിരിക്കുന്നതിനാൽ മാവേലി സ്റ്റോറുകളുടെ നടത്തിപ്പിന് ബുദ്ധിമുട്ട് നേരിടുന്നു എന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം 04.02.2013 -ലെ 301/2013/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷത്തെ വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലിസ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന കാലത്തേക്ക് വാടകരഹിത കെട്ടിടവും കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിങ്ങിനുമായി ഒരു ലക്ഷം രൂപയും തദ്ദേശഭരണസ്ഥാപനങ്ങൾ ചെലവഴിക്കാമെന്ന് ഉത്തരവായിരുന്നു. എന്നാൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 22.02.2019-ലെ 386/2019/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം രണ്ടാമതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5 വർഷംവരെ മാത്രം വാടകരഹിതമായി കെട്ടിടം നല്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

അനുമതി നല്കി. രണ്ടിലധികം മാവേലിസ്റ്റോറുകൾക്ക് വാടകരഹിതമായി കെട്ടിടം നൽകേണ്ടതില്ല എന്നും ഉത്തരവായിട്ടുണ്ട്. കൂടാതെ അനുബന്ധ ഉപകരണങ്ങൾക്കും കമ്പ്യൂട്ടർ ഫർണിഷിങ്ങിനുമായി ഒരു ലക്ഷം രൂപ ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങൾക്കു ചെലവഴിക്കാമെന്നും ഉത്തരവുണ്ട്. 05.01.2022 ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവുകൾ ഭേദഗതി ചെയ്യണമെന്നും മാവേലി സ്റ്റോറുകളുടെ പ്രവർത്തനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണ ത്തോടെ ചിട്ടപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. ഈ വിഷയം യോഗത്തിൽ ചർച്ച ചെയ്യുകയും പഞ്ചായത്ത് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തത്വത്തിൽ തീരുമാനമെടുക്കുകയും ചെയ്തു.

**തീരുമാനം: -**

1. വാടകരഹിത കെട്ടിടം തദ്ദേശഭരണ സ്ഥാപനം സപ്ലൈകോയുടെ മാവേലി സ്റ്റോറുകൾക്ക് നൽകിയ കേസുകളിൽ അവ പ്രവർത്തിക്കുന്ന കാലമത്രയും കാലപരിധിയില്ലാതെ വാടക തുടർന്നും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം (ഗ്രാമപഞ്ചായത്ത് / നഗരസഭ) തന്നെ നൽകണം
2. മാവേലിസ്റ്റോറുകളുടെ വാടക മാത്രമായിരിക്കും മേൽപറഞ്ഞപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനത്തിനു (ഗ്രാമപഞ്ചായത്ത് / നഗരസഭ) നൽകുന്നതിനുള്ള അനുവാദം ഉണ്ടായിരിക്കുക. സപ്ലൈക്കോയുടെ സൂപ്പർമാർക്കറ്റ് ഉൾപ്പെടുന്ന മറ്റ് സ്ഥാപനങ്ങൾക്ക് ഇത് ബാധകമല്ല .
3. പ്രസ്തുത മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്ന സ്ഥലം, കെട്ടിടത്തിന്റെ വാടക, കെട്ടിടമാറ്റം, പ്രവർത്തനം മെച്ചപ്പെടുത്തുന്ന കാര്യങ്ങൾ, പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറുകളുടെ കെട്ടിടം തെരഞ്ഞെടുക്കൽ തുടങ്ങിയവ മോണിറ്റർ ചെയ്യുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് / നഗരസഭകൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
4. സപ്ലൈക്കോയുമായി ഇത്തരം കാര്യങ്ങൾ കൂട്ടായി ചർച്ച ചെയ്ത് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / നഗരസഭ ചെയർമാൻ / മേയർ അദ്ധ്യക്ഷനും സപ്ലൈക്കോയുടെ ബന്ധപ്പെട്ട ഡിപ്പോ മാനേജർ കൺവീനറും പൊതു വിതരണ സമ്പ്രദായം എന്ന വിഷയം കൈകാര്യം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ, മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന വാർഡിന്റെ അംഗം/ അംഗങ്ങൾ സപ്ലൈകോയുടെ ബന്ധപ്പെട്ട ജൂനിയർ മാനേജർ, മാവേലി സ്റ്റോറിന്റെ മാനേജർ/ മാനേജർമാർ, സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരുൾപ്പെട്ട ഗ്രാമപഞ്ചായത്തുതല / നഗരസഭാതല സമിതി രൂപീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനം വാടക നൽകുന്ന മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഇവർ നിർബന്ധമായും നിരീക്ഷിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ഇടപെടൽ നടത്തേണ്ടതാണ്.

5. തദ്ദേശസ്വയംഭരണസ്ഥാപനം വാടക നൽകി പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളിൽ ഗ്രാമ പഞ്ചായത്തുകളുടെ/ നഗരസഭയുടെ നേതൃത്വത്തിലോ, നേരിട്ടോ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളും ഗ്രാമ പഞ്ചായത്തുകളിലെ/ നഗരസഭകളിലെ കുടുംബശ്രീ യൂണിറ്റുകൾ / സംരംഭങ്ങൾ ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി എന്നിവരുടെ, ഉൽപ്പന്നങ്ങളും മാവേലിസ്റ്റോർ വഴി വില്പന നടത്തുന്നതിനു സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
6. ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ വാടക നൽകി പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളിൽ നിയോഗിക്കുന്ന താൽക്കാലിക ജീവനക്കാരെ ഗ്രാമപഞ്ചായത്ത്/ നഗരസഭയിലെ കുടുംബശ്രീ/ സിഡിഎസ് മുഖേന തെരഞ്ഞെടുക്കേണ്ടതാണ്.
7. തദ്ദേശസ്വയംഭരണ സ്ഥാപനം വാടക നൽകുന്ന മാവേലി സ്റ്റോറുകളുടെ വാടക തുടർന്ന് നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് / നഗരസഭയ്ക്ക് സാധിക്കാതെ വരുന്ന അവസരത്തിൽ മുകളിൽ പറഞ്ഞ മോണിട്ടറിംഗ് കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്തിന്റെ / നഗരസഭയുടെ തീരുമാനം അറിയിച്ച് ചർച്ച ചെയ്ത് വാടക ബാധ്യതയിൽ നിന്നും ഗ്രാമ പഞ്ചായത്തിനെ / നഗരസഭയെ ഒഴിവാക്കാവുന്നതാണ്. തുടർന്ന് പ്രസ്തുത മാവേലിസ്റ്റോർ തുടരണമോ എന്നത് പൂർണ്ണമായും സപ്ലൈക്കോയുടെ തീരുമാനമായിരിക്കും. അപ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനം വാടക നൽകാതെ പ്രവർത്തിക്കുന്ന മാവേലിസ്റ്റോറുകളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളുടെ / നഗരസഭകളുടെ അധികാരം കേരള പഞ്ചായത്ത് രാജ് പട്ടിക മൂന്നിലും നഗരപാലിക പട്ടിക ഒന്നിലും പറയുന്നത് മാത്രമായി മാറുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനം വാടക നൽകിവരുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം നിർത്തി വയ്ക്കാൻ സപ്ലൈകോ ഏകപക്ഷീയമായി തീരുമാനിക്കാൻ പാടില്ല. ഇത് പഞ്ചായത്തതല / നഗരസഭാതല സമിതിയിൽ മുൻകൂട്ടി ചർച്ച ചെയ്യേണ്ടതുമാണ്.
8. തദ്ദേശസ്വയംഭരണ സ്ഥാപനം വാടക നൽകി പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളുടെ ബോർഡിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തോട് (തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്) ചേർന്നുനടത്തുന്ന സംരംഭം എന്ന് രേഖപ്പെടുത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**യോഗം വൈകിട്ട് 7.15 ന് അവസാനിച്ചു.**

**അനുബന്ധം**

## യോഗത്തിൽ പങ്കെടുത്തവർ

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4. അഡീഷണൽ ചീഫ് സെക്രട്ടറി , പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
5. പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് (പ്രതിനിധി)
6. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (പ്രതിനിധി)
7. ഡയറക്ടർ, നഗരകാര്യ വകുപ്പ്
8. ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
12. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
13. ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
14. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
18. ഡയറക്ടർ, ആരോഗ്യവകുപ്പ് (പ്രതിനിധി)
19. ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് (പ്രതിനിധി)
20. വനിത ശിശുവികസന വകുപ്പ്, ഡയറക്ടർ (പ്രതിനിധി)
21. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി (പ്രതിനിധി)
22. ഡയറക്ടർ, ഐ.റ്റി.മിഷൻ (പ്രതിനിധി)
23. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി (പ്രതിനിധി)
24. ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് (പ്രതിനിധി)